# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

**Vol. 15 / Issue 2**
**February 2024**

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



## സീറോ മലബാർ സഭയുടെ
## പുതിയ ഇടയന്

# അഭിനന്ദനങ്ങളും
# പ്രാർത്ഥനയും

EPARCHY OF MANANTHAVADY

**മാനന്തവാടി രൂപതാ**
**കുടുംബം**



# മാർ റാഫേൽ തട്ടിൽ

**സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്**

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop’s House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph’s Offset Press, Mananthavady 670645**

വാല്യം 15    ഫെബ്രുവരി 2024    ലക്കം 2

ഒറ്റപ്രതി 10 രൂപ    വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


തിരുബാലസഖ്യദിനം............................................................ 7
രോഗീദിനം........................................................................ 12
യുവജനവർഷം.................................................................. 19
മദ്യവിരുദ്ധഞായർ........................................................... 22
രൂപതാ കച്ചേരി വാർത്തകൾ............................................ 27
മതബോധനരംഗം .............................................................. 35
ചെറുപുഷ്പ മിഷൻലീഗ്.................................................... 38
Department of Youth Ministry........................................... 42
കെ.സി.വൈ.എം.................................................................. 46
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.................................. 54
കുടുംബപ്രേഷിതത്വം........................................................ 57
സീയോൻ വാർത്ത............................................................. 65
വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................. 66
സാമൂഹ്യ സേവനരംഗം (WSSS)........................................ 68
ജീവസ് & കെ.എൽ.എം ...................................................... 74
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി............................. 78
ബയോവിൻ അഗ്രോ റിസർച്ച്............................................ 81
റേഡിയോ മാറ്റൊലി ........................................................... 84
Mary Matha Arts & Science College.................................. 88
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. 90
ബിഷപ്സ് പ്രോഗ്രാം........................................................... 97

No. 3997/K-5/KCBC/OL/DS 20.01.2023

## 2024 ഫെബ്രുവരി 11 തിരുബാലസഖ്യ ദിനം
## കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീ സഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രിക സഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസീസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗ്ഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2: 51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്,ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ സന്തോഷം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കന്മാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക്ദൈവത്തെക്കുറിച്ചുള്ളഭാവാത്മകചിത്രംഉണ്ടാകുന്നതിന്അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലുംവിശുദ്ധിലുംവളരേണ്ടബാല്യത്തിന്ഭീഷണിഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും

ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവി യാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബ ത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽ പോലും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കു ന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃത ങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദാ യിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭി പ്പിക്കുകയും മതം മാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെ യും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടി കളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെ ടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപ കരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യ സ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാര മായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും

സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ് . ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന് പുറത്തേക്ക് പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിത മാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും

ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

---

NB: 2024 ഫെബ്രുവരി 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കരകത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

No.: 3999/K-5/KCBC/OL/DS 20.01.2023

## 32-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം (ഫെബ്രുവരി 11, 2024)

''മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല' സൗഖ്യദായകമായ ബന്ധങ്ങളാൽ രോഗികളെ സുഖപ്പെടുത്തുന്നത്

'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല'' (ഉത്പ 2,18 കാണുക). സ്നേഹമായിരിക്കുന്ന ദൈവം ആദിയിൽതന്നെ നമ്മെ സഹവാസത്തിനായി സൃഷ്ടിച്ചു; മറ്റുള്ളവരുമായി ബന്ധത്തിൽ ഏർപ്പെടാനുള്ള നൈസർഗികമായ കഴിവോടുകൂടിയാണ് അവിടന്ന് നമ്മെ സൃഷ്ടിച്ചത്. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യം പ്രതിഫലിപ്പിക്കുന്ന നമ്മുടെ ജീവിതങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടത് ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും നൽകിയും സ്വീകരിച്ചുമുള്ള സ്നേഹത്തിന്റെയും ശൃംഖലകൾ വഴിയാണ്. ഏകരായിരിക്കാനല്ല, മറിച്ച് ഒരുമിച്ചായിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സഹവാസത്തിന്റേതായ ഈ പദ്ധതി വ്യക്തമായി മനുഷ്യഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും അനുഭവം ഭയാനകവും ദുഃഖകരവും മനുഷ്യത്വരഹിതവുമായ ഒന്നായി നാം കണക്കാക്കുന്നു. ദൗർബല്യത്തിന്റെയും അനിശ്ചിതത്തിന്റെയും അരക്ഷിതത്വത്തിന്റെയും വേളകളിൽ ഈ അനുഭവം നമ്മിൽ കൂടുതൽ ശക്തമാകുന്നു; ഇത് പലപ്പോഴും സംഭവിക്കുന്നത് മാരകമായ രോഗം നമ്മെ കാർന്നുതിന്നാൻ തുടങ്ങുമ്പോഴാണ്. ഇത്തരണത്തിൽ, കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭയാനകമായ ഏകാന്തത അനുഭവിച്ച എല്ലാവരെയും ഞാൻ ഓർക്കുകയാണ്: സന്ദർശകരെ സ്വീകരിക്കാൻ കഴിയാതെപോയ രോഗികൾ, അസംഖ്യം നേഴ്സുമാർ, ഡോക്ടർമാർ, ജോലിയുടെ സാഹചര്യവും ഭാരവും മൂലം ഏകാന്തവാർഡുകളിൽ കഴിയേണ്ടിവന്ന ഇതര സഹായഗണത്തിലെ വ്യക്തികൾ തുടങ്ങിയവർ. തങ്ങളുടെ മരണത്തിന്റെ മണിക്കൂറുകൾ ഏകാകികളായി അഭിമുഖീകരിക്കേണ്ടിവന്ന ആളുകളെ നമുക്കിവിടെ വിസ്മരിക്കാനാകില്ല; ആരോഗ്യപരിപാലകരാൽ അവർ ശുശ്രൂഷിക്കപ്പെട്ടെങ്കിലും അവർ തങ്ങളുടെ കുടുംബങ്ങളിൽനിന്ന് അകലെയായിരുന്നു.

യുദ്ധവും അതിന്റെ ദുരന്തപൂർവകമായ അനന്തരഫലങ്ങളും മൂലം പിന്തുണയും സഹായവും ലഭ്യമാകാതെയായിത്തീർന്നവരുടെ ദുഃഖത്തിലും സഹനത്തിലും ഒറ്റപ്പെടലിലും ഞാൻ പങ്കുചേരുന്നു. സാമൂഹ്യരോഗങ്ങളിൽ ഏറ്റവും ഭയാനകമായതാണ് യുദ്ധം; അതിന്റെ അതിഭയങ്കരമായ ദുരന്തം അനുഭവിക്കുന്നതോ, ഏറ്റവും ദുർബലരായവരുമാണ്.

അതേസമയം, സമാധാനം അനുഭവിക്കുകയും കൂടുതൽ വിഭവസാധ്യതകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളിൽ പോലും, വാർദ്ധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തത അനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരും ആണെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ വയ്യ. ഇത് വ്യക്തികേന്ദ്രീകൃത സംസ്കാരത്തിന്റെ (culture of individualism) അനന്തരഫലം ആണെന്ന അസ്വസ്ഥജനകമായ യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും ഉത്പാദനക്ഷമത വർധിപ്പിക്കുക, കാര്യശേഷി എന്ന സങ്കല്പം (myth of efficiency) പുഷ്ടിപ്പെടുത്തുക, തുടങ്ങിയവയാണ് വ്യക്തി കേന്ദ്രീകൃതത്വം താത്പര്യപ്പെടുന്നത്; ഈ പശ്ചാത്തലത്തിൽ വ്യക്തികൾ നിസ്സംഗത പുലർത്തുന്നവരും കഠിനഹൃദയരും അവശ്യംവേണ്ട കാൽവെപ്പുകൾ നടത്താൻ കഴിയാത്തവരും ആയി ഭവിക്കുന്നു. അതൊരു വലിച്ചെറിയൽ സംസ്കാരത്തിനു (throw away culture) വഴിതെളിക്കുന്നു. പ്രസ്തുത സംസ്കാരത്തിൽ വ്യക്തികൾ മേലിൽ ശുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട പരമപ്രധാന മൂല്യമുള്ളവരായി കണക്കാക്കപ്പെടുന്നില്ല; പ്രത്യേകിച്ച് അവർ ''ഉപയോഗമില്ലാത്തവിധം''''ദരിദ്രരോ ഭിന്നശേഷിക്കാരോ, അല്ലെങ്കിൽ ജനിച്ചിട്ടില്ലാത്തവരോ, ''ഇനി ആവശ്യമില്ലാത്തവിധം'' വൃദ്ധരോ എന്നിവരെപ്പോലെ ആയാൽ' (എല്ലാവരും സഹോദരർ, (Fratelli Tutti) 18). ദുഃഖകരമെന്നു പറയട്ടെ, ഈ തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പല രാഷ്ട്രീയ തീരുമാനങ്ങളെയും നയിക്കുന്നത്. അത്തരത്തിലുള്ള തീരുമാനങ്ങൾ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെയോ അവന്റെയോ അവളുടെയോ ആവശ്യങ്ങളെയോ മാനിക്കുന്നില്ല. ഓരോ വ്യക്തിക്കും ആരോഗ്യം സംരക്ഷിക്കുക എന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായുള്ള സംവിധാനങ്ങൾ പ്രാപ്യമാകുവാനുള്ള മൗലിക അവകാശം ഉണ്ടെന്നുള്ളതും ഉറപ്പുവ

രുത്തുന്ന രീതിയിൽ നയങ്ങളും വിഭവങ്ങളും രൂപപ്പെടുത്തുന്നതിനു പ്രസ്തുത തീരുമാനങ്ങൾ സഹായകമാകുന്നില്ല.

ആരോഗ്യപരിരക്ഷണം ശുശ്രൂഷകളുടെ പട്ടികയിൽ കേവലം ഒന്നായി മാത്രം കണക്കാക്കപ്പെടുന്നത് ദുർബലരായവരുടെ തിരസ്കരണത്തിനും അവരെ ഒറ്റപ്പെടുത്തുന്നതിനും സഹായകമായിത്തീരുന്നു; ആരോഗ്യപരിചരണത്തോടൊപ്പം യഥാർഥത്തിൽ ആവശ്യമായുള്ളത് ഡോക്ടർമാരും രോഗികളും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ഒരു ചികിത്സാപരമായ ഉടമ്പടി ("therapeutic covenant') ആണ്.

വേദപുസ്തകത്തിന്റെ വാക്കുകൾ നമുക്ക് ഒരിക്കൽ കൂടി കേൾക്കാം: ''മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല!'' സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പറഞ്ഞതാണിത്. അങ്ങനെ ദൈവം മനുഷ്യരാശിയെക്കുറിച്ചുള്ള പദ്ധതിയുടെ ആഴത്തിലുള്ള അർഥം നമുക്ക് വെളിപ്പെടുത്തിതരുകയും, അതോടൊപ്പം പാപത്തിന്റെ മാരകമായ മുറിവ് സൃഷ്ടിക്കുന്ന സന്ദേഹങ്ങളും വിള്ളലുകളും വിഭജനങ്ങളും തത്ഫലമായുണ്ടാകുന്ന ഒറ്റപ്പെടുത്തലും ചൂണ്ടികാണിക്കുകയും ചെയ്തു.

പാപം വ്യക്തികളെ ആക്രമിക്കുന്നു, അതോടൊപ്പം അവരുടെ എല്ലാ ബന്ധങ്ങളെയും: ദൈവത്തോടും തങ്ങളോടുതന്നെയും ഇതര മനുഷ്യരോടും സൃഷ്ടവസ്തുക്കളോടുംകൂടെ പോലും. ഇത്തരത്തിലുള്ള ഒറ്റപ്പെടുത്തൽ നമ്മുടെ ജീവിതത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽനിന്നുപോലും നമ്മെ വ്യതിചലിപ്പിക്കുന്നു; അത് സ്നേഹത്തിന്റെ സന്തോഷം ഇല്ലാതാക്കുന്നു; മാത്രമല്ല, ജീവിതത്തിന്റെ നിർണായകമായ അവസരങ്ങളിൽ നമ്മെ അലോസരപ്പെടുത്തുന്നവിധത്തിൽ നാം ഒറ്റയ്ക്കാണ് എന്ന ഒരനുഭവം നമ്മിലുളവാക്കുകയും ചെയ്യുന്നു. പ്രിയ സഹോദരീസഹോദരന്മാരേ, ഏതൊരു രോഗത്തിനും ആവശ്യമായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവകവുമായ സാമീപ്യമാണ്. അതിനാൽ, രോഗീപരിചരണം എന്നത് എല്ലാറ്റിനുമുപരി അവരുടെ ബന്ധങ്ങളെ പരിചരിക്കുന്നതാണ്, എല്ലാത്തരത്തിലുമുള്ള ബന്ധങ്ങൾ: ദൈവത്തോടും മറ്റുള്ളവരോടും – കുടുംബാംഗങ്ങൾ, സ്നേഹിതർ, ആരോഗ്യശുശ്രൂഷകർ – സൃഷ്ടവസ്തുക്കളോടും തങ്ങളോടുതന്നെയും. ഇത് ചെയ്യാനാവുമോ? തീർച്ചയായും, ഇത് ചെയ്യാനാകും; ഇത് നടപ്പാക്കുന്നു എന്ന്

ഉറപ്പുവരുത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമരിയാക്കാരന്റെ ചിത്രത്തിലേക്ക് നമുക്ക് നോക്കാം (ലൂക്കാ 10, 25-37); ഇറങ്ങിചെല്ലാനും, മറ്റൊരു വ്യക്തിയുടെ സമീപത്ത് എത്താനും, വേദന അനുഭവിക്കുന്ന ഒരു സഹോദരന് ആർദ്രമായ സ്നേഹം പകരാനും അവന്റെ മുറിവുകൾ വച്ചുകെട്ടാനും അയാൾ കാണിക്കുന്ന താത്പര്യം നമുക്ക് ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഈ കേന്ദ്രസത്യം നമുക്ക് അനുസ്മരിക്കാം: നമ്മൾ ഈ ലോകത്തിലേക്കു വന്നത് ആരോ നമ്മളെ സ്വാഗതം ചെയ്തതുകൊണ്ടാണ്; സ്നേഹത്തിനായാണ് നാം സൃഷ്ടിക്കപ്പെട്ടത്: സംസർഗത്തിനും സാഹോദര്യത്തിനുമാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ഈ അംശമാണ് നമ്മെ നിലനിർത്തുന്നത്, ഏറെ പ്രത്യേകിച്ച് രോഗത്തിന്റെയും ദൗർബല്യത്തിന്റെയും വേളകളിൽ. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ നാം ഉപയോഗിക്കേണ്ട ആദ്യ ചികിത്സാരീതി (first therapy).

താത്ക്കാലികമായോ നിരന്തരമായോ രോഗങ്ങളാൽ ക്ലേശിക്കുന്ന സഹോദരരോട് ഞാൻ ഇപ്രകാരം പറയും: സാമിപ്യത്തിനും ആർദ്രതയ്ക്കും ആയുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല; ആ ആഗ്രഹം മറച്ചുപിടിക്കേണ്ടതില്ല; നിങ്ങൾ മറ്റുള്ളവരുടെമേൽ ഒരു ഭാരം ആണെന്നു കരുതേണ്ടതുമില്ല. രോഗിയായുള്ള ആളിന്റെ അവസ്ഥ, നമ്മെത്തന്നെ വീണ്ടും കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനായി, നമ്മുടെ ജീവിതത്തിന്റെ അമിതവേഗത്തിലുള്ള പാച്ചിൽ അല്പം കുറയ്ക്കാനുള്ള അവസരമാണ്.

ഐതിഹാസികമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് യേശുക്രിസ്തുവിന്റെ ആർദ്രഭാവം സ്വന്തമാക്കാനായി ക്രിസ്ത്യാനികളായ നാമെല്ലാവരും സവിശേഷമായി ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും, ചിലപ്പോഴെങ്കിലും പാർശ്വവൽകരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യപ്പെടുന്ന സഹോദരരെ നമുക്ക് ശുശ്രൂഷിക്കാം. പ്രാർഥനവഴി, പ്രത്യേകിച്ച് ദിവ്യപൂജവഴി, കർത്താവായ ക്രിസ്തു നമ്മുടെമേൽ ചൊരിയുന്ന പരസ്പര സ്നേഹചൈതന്യംകൊണ്ട് നമുക്ക് ഏകാന്തതയുടെയും ഒറ്റപ്പെടുത്തലിന്റെയും മുറിവുകൾ

ഉണക്കാം. ഈ രീതിയിൽ, സ്വാർഥത്തിന്റെയും നിസ്സംഗതയുടെയും പ്രയോജനരഹിതമെന്ന കാഴ്ചപ്പാടിന്റെയും സംസ്കാ രത്തെ പ്രതിരോധിക്കുന്നതിൽ നമുക്ക് പങ്കുകാരാകാം, അങ്ങനെ നമുക്ക് ആർദ്രതയുടെയും അനുകമ്പയുടെയും ഒരു സംസ്കൃതിക്കു കാരണമാകാം. രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്; അവർ നമ്മുടെ മാനുഷിക പരിഗണനയുടെയും അജപാലനപരമായ ശ്രദ്ധയുടെയും ഹൃദയഭാഗം അലങ്കരിക്കുന്നവരാകണം. ഇക്കാര്യം നാം വിസ്മരിക്കാതിരിക്കട്ടെ! രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമുക്ക് നമ്മെതന്നെ ഭരമേൽപ്പിക്കാം; അങ്ങനെ അവൾ നമുക്കുവേണ്ടി പ്രാർഥിക്കട്ടെ; സാമിപ്യത്തിന്റെയും സഹോദര്യതുല്യമായ ബന്ധങ്ങളുടെയും ശില്പികളായിത്തീരാൻ അവൾ നമ്മെ സഹായിക്കട്ടെ!

റോമിലെ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് 2024 ജനുവരി 10-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം

പി.ഒ.സി., കൊച്ചി - 682 023

No. 3997/K-5/KCBC/OL/DS
23.12.2023

# 2024 യുവജനവർഷം കെ.സി.ബി.സി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ, പുതുവർഷത്തിന്റെ ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു. പരിശുദ്ധ ഫ്രാൻസീസ് പാപ്പാ 2022-ൽ പ്രഖ്യാപിച്ചു സിനഡാത്മക സഭയുടെ നവികരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5-ന് കേരളകത്തോലിക്കാസഭയിൽ ''സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം''എന്ന ആപ്തവാക്യവുമായി നവീകരണ കാലഘട്ടം ആരംഭിച്ചവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നൽകുന്നതിന് കേരള കത്തോലിക്കാമെത്രാൻസമിതി (KCBC) 2024നെ കേരളകത്തോലിക്കാ സഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുന്നു. ഈ യൂവജവഷാചരണം കേരള കത്തോലിക്കാ സഭയ്ക്ക് വലിയ ച്രോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു. കെ.സി.ബി.സി യുവജനകമ്മീഷൻ കേരളത്തിലെ വ്യക്തിഗത സഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെ.സി.ബി.സിയുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെ.സി.ബി.സി യുവജനകമ്മീഷൻ സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവുംവൈസ് ചെയർമാന്മാരും ബഹു. ഫാദർ സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തനമേഖലയിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തുനിർത്തിയുള്ള യുവ ജനവർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാണ്. കേരളത്തിലെ മൂന്നു റീത്തുകളിലെയും യുവജനപ്രസ്ഥാനങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന

വിവിധ കത്തോലിക്കാ യുവജനസംഘടനകൾ എന്നിവർ ഒരുമിച്ചു സഹകരിച്ച് യുവജനവർഷം ഉചിതമായി ആചരിക്കണമെന്ന് താൽപര്യപ്പെടുന്നു. യുവജന വർഷത്തിന്റെ ആപ്തവാക്യം ''കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം'' (Christian Youth with Compassionate Eyes, Passionate Heart and Fire winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. ''ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം' എന്ന യുവജന കമ്മീഷന്റെ മുഖ്യ പ്രമേയത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം. യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതുപോലെ (ലൂക്ക: 5.52) യുവജനങ്ങൾ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീക്ഷണമായി ഓർമ്മിപ്പിക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു പിടിക്കുന്നു എന്ന ബോധവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നൽകാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടികളിൽ ഒന്നായ് യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതികൾക്കും ബാധകമാവുന്ന ചില പൊതു നിർദ്ദേശങ്ങൾ ചേർക്കുന്നു. 1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കുവയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം. 2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥയാത്രകൾ ഇവയ്ക്ക് പ്രാധാന്യം. 3. യുവജനങ്ങൾക്ക്

മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധതികൾ. 4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജന സംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും. 5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും (പ്രഘോഷിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപപ്പെടുത്തുന്ന പദ്ധതികൾ. യുവജന വഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ഫെബ്രുവരി 18-ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർത്ഥന ഉപയോഗിക്കാവുന്നതാണ്. യുവജനസഭയും വെല്ലുവിളികളും പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ ''ക്രിസ്തൂസ് വിവിത്' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, ''യുവജനങ്ങൾ സഭയുടെ ഇന്നാണ് (അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവിളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാകാലത്തും അത് അങ്ങനെ തന്നെയാണ് താനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അകലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തിനായ് കുടിയേറ്റം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്രമത്തെയും ഹിംസയെയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യയ ശാസ്ത്രങ്ങളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്കാരം, ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച, ഭവന നിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവരോടുള്ള വിവേചനങ്ങൾ, അഴിമതിയുടെയും സ്വജന പക്ഷപാതത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്ക്മരുന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലുവിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ. പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ

മനസ്സിലാക്കുവാൻ സജ്ജരായ യുവജനങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കിത്തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് ''യുവാവേ, എഴുന്നേൽക്കുക'' (ലൂക്ക 7.14) എന്നും ജായ്റോസിന്റെ മകളോട് ''ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജനവർഷത്തിൽ കേരളസഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരള സഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ. സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മധ്യസ്ഥം കേരള സഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജന വർഷം ത്രിയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാസഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും പൈതൃക ആശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെ.സി.ബി.സി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെ.സി.ബി.സിവൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെ.സി.ബി.സി സെകട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി... കൊച്ചി - 682 025

---

NB: 2024 ഫെബ്രുവരി 18-ാം തീയതി ഈ സർക്കുലർ എല്ലാ ഇടവകകളിലും വായിക്കേണ്ടതാണ്.

## യുവജനവർഷ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, കേരളസഭാ നവീകരണത്തിന്റെ ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുവാൻ തന്ന കൃപയെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. യുവാവായ ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതുപോലെ കേരളസഭയിലെ യുവജനങ്ങളെല്ലാം വിശുദ്ധിയിലും വിശ്വാസത്തിലും പ്രത്യാശയിലും പരസ്പര സ്നേഹത്തിലും വളരുവാൻ അങ്ങ് കൃപചെയ്യണമേ. ''കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം'' എന്ന യുവജനവർഷ ആപ്തവാക്യം അനുദിന കർമങ്ങളുടെ ഭാഗമാക്കി മാറ്റാൻ പ്രാപ്തരാക്കണമെ. ദൈവവചനത്തിൽ ആഴപ്പെട്ടവരും പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമായ യുവജനങ്ങളാൽ തിരുസഭയെ സമ്പന്നമാക്കണമേ. പരിശുദ്ധ മാർപാപ്പായെയും മെത്രാന്മാരെയും വൈദീകരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും കാത്തുപരിപാലിക്കണമെ. എല്ലാ യുവജന സംഘടനകളെയും അവരുടെ നേതാക്കളെയും അവരെ നയിക്കുന്നവരെയും വിശ്വാസത്തിൽ നവീകരിക്കണമെ. ദൈവവിളികൾ വർദ്ധിപ്പിക്കണമെ. പഠന മേഖലകളെയും തൊഴിലിടങ്ങളെയും ആശീർവദിക്കണമെ. കത്തോലിക്കാ വിശ്വാസത്തിനു ചേർന്ന ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാനുള്ള വിവേകവും ജ്ഞാനവും നൽകി പരിപോഷിപ്പിക്കണമെ. പ്രവാസികളായ യുവജനങ്ങളെ കാത്തുകൊള്ളണമേ. കാലത്തിന്റെ അടയാളങ്ങളെ വായിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള വിവേകം അങ്ങ് നൽകേണമേ. പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, തിരുസഭയിലെ സകല വിശുദ്ധന്മാരെ യുവജനങ്ങൾക്കായി പ്രാർത്ഥിക്കണമേ ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ. 3

No.: 3998/K-5/KCBC/OL/DS 20.012023

## മദ്യവിരുദ്ധ ഞായർ 2024 ഫെബ്രുവരി 25
## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ ഫെബ്രുവരി 25 – മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധ ഞായറിന് വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. കേരളം മദ്യ-മയക്കു മരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിത താവളമായി കേരളം മാറിയെന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കു നിർത്താനും അമർച്ച ചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ സമൂഹവും സഭയും ഉണരേണ്ടതും അനിവാര്യമാണ്.

'മദ്യവിരുദ്ധ സഭയും സമൂഹവും'എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ടു 25 വർഷം പിന്നിടുകയാണ്. ജനദ്രോഹപരമായി ഭരണ നേതൃത്വം കാലാകാലങ്ങളിലായി പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊന്നു കൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുൻപിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റിനർകോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാന വ്യാപകമായ ലഹരിവേട്ടയിൽ രാജ്യാന്തര വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരി മരുന്നുകളാണ് പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർത്ഥതപോലും സംശായസ്പദമായിരിക്കുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളി കൈകളിൽ നിന്ന് നമ്മുടെ സ്കൂൾ-കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികളെയും യുവതി യുവാക്കളെയും രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യ മാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരെ പോരാടുവാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാന ങ്ങളിൽ നിന്നും മാറ്റിനിർത്താൻ ആർജ്ജവത്വം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കി ത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാന കാരണ മായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറിയ ആലസ്യങ്ങൾ പോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചു വരുത്തും.

ആത്മാർത്ഥതയും അർപ്പണ മനോഭാവമുള്ള മദ്യവരുദ്ധ പ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ 6 മേഖലകളായി തിരിച്ച് ഓരോ മേഖല ഡയറക്ടറച്ച ന്മാരുടെ സഹായത്തോടെ ഫൊറോനാ, ഇടവകതലങ്ങളിലായി മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പി ച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതി യിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്ന് സഭയ്ക്കുള്ളത്. സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർ ത്തകർ തയ്യാറാകണം. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരെയുള്ള  പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹന ജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സര ങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസല ഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെ മാത്രമെ ഈ വിപത്തിനെ ചെറുത്തു തോല് പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യ ചേരുവ സ്പിരിറ്റാണ്. കരിമ്പിൻ ചണ്ടിയിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത് നിർമ്മി ക്കുന്ന എതനോലിൽ (Ethanol) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമ രുചികളും നിശ്ചിത അളവിൽ

വെള്ളവും ചേർത്ത് കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യത്തിനു ഹാനികരമായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവയവങ്ങളെ പ്രധാനമായും തലച്ചോറിനെ ദോഷകര മായി ബാധിക്കും. ഉപഭോക്താവിന്റെ ചിന്താശക്തിയെ അത് നശിപ്പി ക്കുന്നു. മദ്യ-രാസലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധശക്തി കുറയുന്നു. അതുമൂലം പകർച്ച വ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കുകമാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പത്തും അത് നഷ്ടപ്പെടുത്തുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കു വഴിയൊരു ക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങളിൽ ഏറ്റവും വലിയ വില്ലൻ മദ്യ- രാസലഹരിയുടെ ഉപയോഗം തന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പ്രഖ്യാപിച്ച് നയരേഖ യുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ച ജനപ്രതിനിധികൾ മദ്യ വർജനത്തിനുവേണ്ടി ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഏഴു വർഷം മുമ്പ് 29 ബാറുണ്ടായി രുന്ന ഈ സംസ്ഥാനത്ത് 751 ബാറുകളാണിന്നുള്ളത്. യഥേഷ്ടം ബിവിറേജ് ഔട്ട്ലറ്റുകളും കട മേഖലകളിൽ പബ്ബുകൾ ആരംഭി ച്ചതും പഴച്ചാറിൽ നിന്ന് മദ്യം ഉൽപാദിപ്പിച്ചതും അവസാന മായി നിത്യോപയോഗ സാധനങ്ങൾ ലഭിച്ചിരുന്ന സിവിൽസപ്ലൈ കടകൾവരെ വിപണന കാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്ത പ്പെട്ടവർ തന്നെ. 2023 മെയ്മാസം കൊച്ചി പുറംകടലിൽ നിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബി.യും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനംപ്രതി കടൽ, കര, വ്യോമ മാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിന് രാസലഹരി നിർ ബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭ്രാന്താലയമാകും.

മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സി.യുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതാതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച്

ബോധവൽക്കരണം നടത്തുക, ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക, മദ്യ-ലഹരിവിരുദ്ധ സന്ദേശയാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും നിദാനങ്ങൾ മാത്രം. കേരളത്തിൽ മദ്യ-ലഹരി വിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യ സേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രീയാത്മകമായും പ്രവർത്തിക്കുന്നതുപോലെ നമ്മുടെ സമൂഹത്തിൽ നാശം വിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).
**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).
ബിഷപ്പ് സെബാസ്ത്യൻ വാണിയപുരയ്ക്കൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 023

---

NB: ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും ഓർമ്മിക്കാം.

**തിരുബാലസഖ്യദിനം - ഫെബ്രുവരി 11**

ഫെബ്രുവരി 11-ാം തിയതി തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കാൻ രൂപതാ കേന്ദ്രത്തിലേയ്ക്ക് എത്തിക്കുമല്ലോ.

**ഓൺഗോയിങ് ഫോർമേഷൻ കോഴ്സ് 2024**

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2024 ഫെബ്രുവരി 13 വൈകിട്ട് 6 മുതൽ 15 വൈകിട്ട് 4 മണിവരെ നടത്തപ്പെടുകയാണ്. 2010 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ചവർ ഉൾപ്പെടെയുള്ള എല്ലാ വൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെമുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. ബഹു അച്ചന്മാർ കോഴ്സിന് വരുമ്പോൾ രൂപത നിയമാവലിയും കൊണ്ടുവരണംഎന്നോർമ്മിപ്പിക്കുന്നു. പിന്നീട് നിയമാവലിയുടെ പരീക്ഷകൂടി ഉണ്ടായിരിക്കുന്നതാണ്.

## Ongoing Formation Course of Priests - 2024
## (Batches: 2010-2023)

| SN | Rev. Fathers Name |
|---|---|
| 1 | Edakkudiyil Mathew (Sijo) |
| 2) | Kalambukattu Joseph (Jaimon) |
| 3) | Palathadathil George (Jinoj) |
| 4) | Punnakkapadavil Sebastian (Biju) |
| 5) | Kizhakkanputhupally Varghese (Pratheesh) |
| 6) | Puthukattil Mathew (Jainesh) |
| 7) | Iykkarakkanayil Thomas (Shiju) |
| 8) | Kalliyatt Devassia (Jaison) |
| 9) | Kattamkottil Thomas (Aneesh) |
| 10) | Kavalakkadan Varghese (Manoj) |
| 11) | Madathil Sebastian (Sunil) |
| 12) | Ambalathara Francis (Santo) |
| 13) | Kattath Thomas (Aneesh) |
| 14) | Elamkunnapuzha Joseph (Sijo) |
| 15) | Alumkal Joseph (Anish) |
| 16) | Madapallikunnel Antony (Sibi) |
| 17) | Kaliyaniyil Kuriakose (Anoop) |
| 18) | Parackal Varghese (Noble) |
| 19) | Pulikuzhiyil Abraham (Shinto) |
| 20) | Peechattu Joseph (Jithin) |
| 21) | Chirackathottathil Augustine (Sijesh) |
| 22) | Thevarkunnel Don Bosco (Bivaldin) |
| 23) | Kollamkunnel Varghese (Anoop) |
| 24) | ThekkilakkattilMathew (Jomesh) |
| 25) | Chittarackal Varghese (Sanoj) |
| 26) | Vettickal John (Prakash) |

| | |
|---|---|
| 27) | Palakkattu Antony (Nidhin) |
| 28) | Vattukulathil Mathew(Jibin) |
| 29) | Vadassery Thomas (Saneesh) |
| 30) | Chirayilparambil Joseph (Anto) |
| 31) | Thattuparambil Varghese(Jinto) |
| 32) | Oravaranthara Vincent (Santhosh) |
| 33) | Chakkalackal Joseph (Ajin) |
| 34) | Chavaranal Thomas (Nikhil) |
| 35) | Kanipallil Varghese (Georgekutty) |
| 36) | Thenpallil Sebastian (Nishwin) |
| 37) | Alackathadathil James (Nidhin) |
| 38) | Thekkethil Abraham (Prince) |
| 39) | Kalapurackal Abraham (Vinoy) |
| 40) | Edachilath Joseph (Jithin) |
| 41) | Madathiparambil Devasia (Arun) |
| 42) | Mulakodiyangal Sebastian (Jofin) |
| 43) | Muttappallil Joseph (Giphin) |
| 44) | Kalapurackal Mathew (Vipin) |
| 45) | Kunnath Joseph (Akhil) |
| 46) | Uppuveettil John (Akhil) |
| 47) | Poikayil Joseph (Jerin) |
| 48) | Arumayil George (Rijose) |
| 49) | Karamayil Issac (Shanto) |
| 50) | Kumbalakuzhy Mathew (Robins) |
| 51) | Pulikunnel Devasia (Clinto) |
| 52) | Thekkilakattil Jose (Ajay) |
| 53) | Thondiparambil Peter (Kiran) |
| 54) | Valayathil Joseph (Albin) |
| 55) | Nakkuzhikattu Mathew (Jomin) |

| | |
|---|---|
| 56) | Poyikayil Kurian (Arun) |
| 57) | Kocheril Mathew (Anoop) |
| 58) | Pannackal Mathew (Amal) |
| 59) | Pallattukunnel Augustine (Jijo) |
| 60) | Purakkal George (Aneesh) |
| 61) | Njallampuzha Thomas |
| 62) | Kandathinkara Emmanuel (Abhishek) |
| 63) | Nellimalayil Emmanuel (Rinson) |
| 64) | Thuruthiyil Louis |
| 65) | Kochumalayil Varghese (Annet) |
| 66) | Mulangattil Thomas (Amal) |
| 67) | Manthrickal Thomas(Amal) |
| 68) | Vattakkunnel Jude |

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

## പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ട പൊതുപിരിവുകളും വിവിധ സംഘടനകൾക്ക് കൊടുക്കേണ്ട പിരിവുകളും താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. പണം അടച്ചുകഴിയുമ്പോൾ വിശദവിവരങ്ങൾ ബിഷപ്സ് ഹൗസ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

| No. | Item | Account Details |
|---|---|---|
| 1. | JESUS FRATERNITY | Account Name :<br>THE ROMAN CATHOLIC<br>DIOCESE OFMANANTHAVADY<br>Account Number: 0605053000000001<br>IFSC : SIBL0000605<br>Bank Name: SOUTH INDIAN BANK<br>Branch : MANANTHAVADY |
| 2. | BIBLE SUNDAY | |
| 3. | GOOD FRIDAY | |
| 4. | HOLY CHILDHOOD | |
| 5. | JUSTICE SUNDAY | |
| 6. | MISSION SUNDAY | |
| 7. | PESAHA PRIEST | |
| 8. | SYRO MALABAR DAY | |
| 9. | SYRO MALABAR - MISSION SUNDAY | |
| 10. | PETER'S PENCE | |
| 11. | SOFTWARE | |
| 12. | EDUCATION AID | A/C Name : Secretary<br>A/C No : 0063 02154100 190001<br>Bank : Catholic Syrian Bank<br>Branch : Mananthavady<br>IFSC code : CSBK0000063 |
| 13. | SEMINARY FORMATION | A/C Name : The Roman Catholic Diocese of Mananthavady<br>A/C No. : 0605053000008384<br>Name of the Bank : South Indian Bank Branch : Mananthavady<br>IFS Code : SIBL0000605 |

| | |
|---|---|
| 14. CATECHETICAL SUNDAY | A/C Name:<br>CATECHETICAL CENTRE<br>A/C No. 0063-02152792-190001<br>Bank: Catholic Syrian Bank<br>Branch: Mananthavady<br>IFS Code: CSBK0000063 |
| 15. COMMUNICATION MEDIA | A/C Name : Director Media Commission<br>A/C No : 47512200041588<br>Bank : Canara bank<br>Branch : Nalloornad<br>IFS Code : CNRB0014751 |
| 16. ANTI ALCHOHOLIC | A/C Name : KCBC Madyavirudhasamithi<br>A/C No : 0063 02155302 190001<br>Bank : Catholic Syrian Bank<br>Branch : Mananthavady<br>IFS Code : CSBK0000063 |
| 17. YOUTH DAY | A/C Name : Director KCYM<br>A/C No : 0063 02152928 190001<br>Bank : Catholic Syrian Bank<br>Branch : Mananthavady<br>IFS Code : CSBK0000063 |
| 18. SNEHANIDHI | A/C Name : Snehanidhi<br>A/C No : 0063 02151620 190001<br>Bank : Catholic Syrian Bank<br>Branch : Mananthavady<br>IFS Code : CSBK0000063 |
| 19. MUTUAL AID FUND (10%CONTRIBUTION) | A/C Name : The Roman Catholic Diocese of Mananthavady<br>A/C No : 0605053000010177<br>Bank : South Indian Bank<br>Branch : Mananthavady<br>IFS Code : SIBL0000605 |
| 20. PPF | A/C Name : Priest Provident Fund<br>A/C No : 0063 02151971 190001<br>Bank : Catholic Syrian Bank<br>Branch : Mananthavady<br>IFS Code : CSBK0000063 |

| | |
|---|---|
| 21. MASS INTENTION | A/C: Vicar General<br>A/C No: 0063 02151838 190001<br>Bank: CSB Bank<br>Branch: Mananthavady<br>IFS Code: CSBK0000063 |

**ഫാ. ജോസ് കൊച്ചറയ്ക്കൽ**
പ്രൊക്കുറേറ്റർ, മാനന്തവാടി രൂപത

**Transfer List - February 2024**
**(w. e. f. 4th February 2024)**

| SN | House Name | NameAssignment |
|---|---|---|
| 1 | Chakkalackal Joseph (Ajin) | Vicar, Makkiyad |
| 2 | Chirayilparambil Thomas (Anto) | Study |
| 3 | Kanippillil Varghese (Georgekutty) | Vicar, Kalpra |
| 4 | Kumbakkeel Kuriakose | Vicar, Edivanna |
| 5 | Thekkilakkattil Mathew (Jomesh) | Assistant Director, St. Joseph's Hospital |
| 6 | Arumayil George (Rijose) | Assistant Vicar, Nadavayal |
| 7 | Kalapurackal Abraham (Vinoy) | Assistant Vicar, Thariode |
| 8 | Kandathinkara Emmanuel (Abhishek) | Assistant Vicar, Bathery |
| 9 | Kocheril Mathew (Anoop) | Assistant Vicar, Poroor |
| 10 | Kochumalayil Vargheses (Annet) | Assistant Vicar, Nadavayal |
| 11 | Kumbalakuzhy Mathew (Robins) | Executive Editor, History Book |
| 12 | Manthrickal Thomas (Amal) | Assistant Vicar, Chungakkunnu |
| 13 | Mulangattil Thomas (Amal) | Assistant Vicar, Kottiyoor |
| 14 | Nakkuzhikkattu Mathew (Jomin) | Assistant Vicar, Kottiyoor |
| 15 | Nellimalayil Emmanuel (Rinson) | Assistant Vicar, Cathedral |
| 16 | Njallampuzha Thomas (Thomas) | Asst. Director, Pastoral Centre |
| 17 | Pallattukunnel Augustine (Jijo) | Assistant Vicar, Kalpetta |
| 18 | Pannackal Mathew (Amal) | Assistant Vicar, Cherukattoor |

| | | |
|---|---|---|
| 19 | Pulikunnel Devasia (Clinto) | Assistant Vicar, Chungakkunnu |
| 20 | Purakkal George (Aneesh) | Assistant Vicar, Nilambur |
| 21 | Thondiparambil Peter (Kiran) | Assistant Vicar, Bathery |
| 22 | Thuruthiyil Louis (Louis) | Assistant Vicar, Kayyunni |
| 23 | Vattakunnel Jude (Jude) | Assistant Vicar, Payyampally |

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ
മെത്രാൻ

**നന്ദി, സ്വാഗതം**

കഴിഞ്ഞ 10 വർഷക്കാലം രൂപതാടീമംഗമെന്ന നിലയിൽ സ്തുത്യർഹസേവനം ചെയ്ത സി. ഡോണ എസ്. എച്ച് ന് രൂപതാ മതബോധന കുടുംബത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു. രൂപതാടീമിൽ പുതിയ ദൗത്യം ഏറ്റെടുത്തിരിക്കുന്ന സി. ലിജിൻ മരിയ എസ്.എച്ച് ന് സ്നേഹപൂർവ്വകമായ സ്വാഗതം.

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ 2024 ജനുവരി 28**

HCC (Plus One, Plus Two) പരീക്ഷകൾ ജനുവരി 28-ന് ഞായറാഴ്ച രാവിലെ 11 മണി മുതൽ 1.00 മണിവരെ ഫൊറോന തലത്തിൽ വിവിധ സെന്ററുകളിൽവച്ച് നടത്തപ്പെട്ടു. രൂപതാനിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷകൾ ഏറ്റവും ഭംഗിയായി നടത്തുവാൻ ബഹുമാനപ്പെട്ട മേഖലാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച മേഖല ടീം അംഗങ്ങൾക്കും, പരീക്ഷാ സെന്ററുകളിലെ ബഹു. വികാരിയച്ചൻമാർക്കും, എല്ലാ ഹെഡ്മാസ്റ്റേഴ്സിനും, അധ്യാപകർക്കും രൂപതാമതബോധന കേന്ദ്രത്തിന്റെ നന്ദി അിറയിക്കുന്നു

**Say Exam**

12-ാം ക്ലാസിലെ കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകൾക്ക് തോറ്റ കുട്ടികൾക്ക് രൂപതയിൽനിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല.

11 -ാം ക്ലാസ്സിലെ കുട്ടികൾക്ക് ഏപ്രിൽ ആദ്യം സേ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും. പഠനവൈകല്യമുള്ള കുട്ടികൾക്ക് സ്ക്രൈബിനെ വച്ച് പരീക്ഷ എഴുതിക്കുന്നത് അനുവദനീയമല്ല. അവർക്ക് ഇടവകകളിൽ പരീക്ഷ നടത്തി മാർക്ക് രൂപതയ്ക്ക് നല്കിയാൽ മതി. രൂപതയിൽ നിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് അവർക്ക് നല്കുന്നതായിരിക്കും.

**Course Certificate Students:** യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികളുടെ ആൻസർ പേപ്പർ രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ് ടീച്ചർതന്നെ മൂല്യനിർണയം നടത്തി, course certifi-

cate students എന്ന് പ്രത്യേകം രേഖപ്പെടുത്തി അവരുടെ പേര്, വീട്ടുപേര്, ഇടവക, മാർക്ക് എന്നിവ രൂപതാ കേന്ദ്രത്തിൽ നല്കുക.

## HCC 1 & 2 മൂല്യനിർണയം

2024 ഫെബ്രുവരി 18 ഞായറാഴ്ച 9 മണിക്ക് വി. കുർബാനയെ തുടർന്ന് നടത്തുന്നതാണ്. അദ്ധ്യാപകരെ പറഞ്ഞയയ്ക്കാൻ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. HCC പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സഹായിക്കാൻ ഇടവകകളിൽനിന്ന് വരുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിനു നല്കുന്ന ഗൂഗിൾ ഫോമിൽ ചേർത്ത് ഫെബ്രുവരി 8 നുള്ളിൽ രൂപതാമതബോധന ഓഫീസിലേക്ക് അയക്കേണ്ടതാണ്. അദ്ധ്യാപകർ വരുമ്പോൾ പഠിപ്പിക്കുന്ന പാഠപുസ്തകവും, ഉപപാഠപുസ്തകവും കൊണ്ടുവരേണ്ടതാണ്.

**ഡിപ്ലോമ പരീക്ഷ, വാർഷിക പരീക്ഷ 2023-2024**

രണ്ട് പരീക്ഷകളും ഏപ്രിൽ 7 ഞായറാഴ്ച നടത്തപ്പെടുന്നതാണ്. സമയക്രമം പിന്നീട് അറിയിക്കുന്നതാണ്.

**സംസ്ഥാന പ്രതിഭാസംഗമം**

2023 ഒക്ടോബർ 15 ന് നടന്ന രൂപതാ പ്രതിഭാ സംഗമത്തിൽ പങ്കെടുത്ത് മാനന്തവാടി രൂപത പ്രതിഭകളായ 1. ജോയ്സ് ജോസ് പ്ലാക്കൂട്ടത്തിൽ - കൊട്ടിയൂർ 2. എമിൽ എസ്. മംഗലത്ത് - കൽപ്പറ്റ 3. ജിസ്ന മരിയ ജോൺസൻ ആലക്കകുന്നേൽ - നിലമ്പൂർ 4. മരിയ ജോമോൻ വലിയവീട്ടിൽ - അടയ്ക്കാത്തോട് എന്നിവർക്ക് അഭിനന്ദനങ്ങൾ.

നമ്മുടെ രൂപതാ പ്രതിഭകൾ 2023 ഡിസംബർ 28, 29, 30 തിയ്യതികളിൽ എറണാകുളത്തുവച്ച് നടത്തപ്പെട്ട സംസ്ഥാന പ്രതിഭാ സംഗമത്തിൽ പങ്കെടുത്തു. സംസ്ഥാനതല പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ട ജോയ്സ് ജോസിനും മരിയ ജോമോനും രൂപതാ മതബോധന കുടുംബത്തിന്റെ ആശംസകൾ. സംസ്ഥാനപ്രതിഭാ സംഗമത്തിനായി കുട്ടികളെ ഒരുക്കിയ ശ്രീ. ജോൺസൻ വടക്കേക്കര സാറിനും, പ്രതിഭകളെ സംസ്ഥാന പ്രതിഭാ സംഗമത്തിനായി കൊണ്ടുപോയ സി അനിത CMC ക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി.

**രൂപതാവിസിറ്റ്**

2023 - 24 വർഷം 144 ഇടവകകളിലെ സൺഡേസ്കൂളുകളിൽ സന്ദർശനം പൂർത്തിയാക്കുവാൻ സാധിച്ചു. രൂപതാവിസിറ്റിന് നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങൾക്കും എല്ലാ പിന്തുണയും

തന്ന ബഹു. വികാരിയച്ചന്മാർക്കും, പ്രധാനാധ്യാപകർക്കും, സഹ കരിച്ച കുട്ടികൾക്കും മതബോധന കേന്ദ്രത്തിന്റെ നന്ദി. ഈ വർഷത്തെ രൂപതാസന്ദർശനം അവസാനിച്ചു. നടക്കാത്ത ഇടവ കകളിൽ അടുത്ത വർഷമേ വരികയുള്ളൂ എന്ന വിവരവും അറിയി ക്കുന്നു.

**ജൂബിലേറിയൻസ്**

ഈ വർഷം മതധ്യാപന രംഗത്ത് 25, 35, 50 വർഷങ്ങൾ സേവനം പൂർത്തിയാക്കുന്ന അധ്യാപകരെ 2023 മെയ് മാസത്തിൽ നടക്കുന്ന HM കോൺഫറൻസിൽ വച്ച് ആദരിക്കുന്നതായിരിക്കും. ഓരോ ഇടവകയിലും 25, 35, 50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപ കരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും ഓഫീസിൽ എത്തിക്കേണ്ടതാണ്. അതോടൊപ്പം ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസ്സിൽ എത്തി യിട്ടുള്ള കുട്ടികളുടെ പേരും ഫെബ്രുവരി 15 നുള്ളിൽ രൂപത ഓഫീ സിൽ അറിയിക്കേണ്ടതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**പ്രാർത്ഥനാശംസ**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട മാർ. റാഫേൽ തട്ടിൽ പിതാവിന് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ പ്രാർത്ഥനാശംസകൾ.

**ഉണ്ണീശോയ്ക്ക് ഒരു പുതപ്പ്**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഉണ്ണീശോയ്ക്ക് ഒരു പുതപ്പ് എന്ന പ്രോഗ്രാമിലുടെ വിവിധ ഇടവകയിൽ നിന്നായി കുഞ്ഞു മിഷനിമാർ 25 ദിവസത്തെ കൊച്ചു ത്യാഗപ്രവർത്തിയിലൂടെ സമാഹരിച്ചു നല്കിയ 200 പുതപ്പ് അദീലബാദ് രൂപതാ അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവിന് കൈമാറി. എല്ലാ മിഷൻ ലീഗ് അംഗങ്ങളെയും അഭിനന്ദിക്കുന്നു. ഇതിനായി പ്രോത്സാഹനം നല്കിയ മാതാപിതാക്കളെയും വികാരിയച്ചന്മാരെയും ജോ.ഡയറക്ടേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു. അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവിന്റെ സ്നേഹവും നന്ദിയും എല്ലാ മിഷനറിമാരെയും അറിയിച്ചിട്ടുണ്ട്.

**ക്രിസ്തുമസ് രാവ് 2023**

2023 ഡിസംബർ 23 ന് ദ്വാരക കോർപ്പറേറ്റീവ് ഓഡിറ്റോറിയത്തിൽ വച്ച് കരോൾഗാന മത്സരം സംഘടിപ്പിക്കുകയുണ്ടായി. 8 ശാഖകൾ പങ്കെടുത്ത മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് കല്ലോടി ശാഖ, രണ്ടാം സ്ഥാനം പനമരം ശാഖ, മൂന്നാം സ്ഥാനം തവിഞ്ഞാൽ. പങ്കെടുത്ത എല്ലാ ശാഖകൾക്കും രൂപതയുടെ അഭിനന്ദനങ്ങൾ. കരോൾഗാന മത്സരത്തിനായി പ്രോത്സാഹനം നൽകി മത്സരത്തിനായി പറഞ്ഞുവിട്ട വികാരിയച്ചന്മാരെയും ജോ. ഡയറക്ടേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങൾ നല്കികൊണ്ടിരിക്കുന്ന എല്ലാ സഹകരണത്തിനും നന്ദി.

**അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റി**

10-12-2023 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റി നടത്തി. എല്ലാ മേഖലകളിൽ

നിന്നും മേഖലാ ഭാരവാഹികൾ മാനേജിംഗ് കമ്മറ്റിയിൽ സംബന്ധിച്ചു. കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു, ചർച്ച നടത്തി. തുടർന്നുള്ള തിരുബാലസഖ്യ മത്സരത്തെക്കുറിച്ചും ക്യാമ്പുകളെ കുറിച്ചും ചർച്ചചെയ്തു. അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുകയും ക്രിസ്തുമസ് കേക്ക് മുറിച്ച് ക്രിസ്തുമസ് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**അനുശോചനം**

ചെറുപുഷ്പ മിഷൻ ലീഗ് മുൻ രൂപത വൈസ് പ്രസിഡന്റ് ദിൽന കാവലത്തിന്റെ പിതാവിന്റെ നിര്യാണത്തിൽ രൂപതാ എക്സിക്യൂട്ടിവ് അനുശോചനം അറിയിച്ചു.

**കയ്യൂന്നി**

ക്രിസ്തുമസിന്റെ ഒരുക്ക ദിനത്തിൽ തന്നെ കുട്ടികൾ പള്ളിയിൽ വരികയും ഉണ്ണി കൊന്തയിലും വിശുദ്ധ കുർബാനയിലും കുട്ടികൾ സജീവമായി പങ്കുചേർന്നു. മേഖല കരോൾഗാനം മത്സരം online ആയി നടത്തുകയും മേഖലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ദിനത്തിൽ കുഞ്ഞുങ്ങൾക്കായി വിശുദ്ധ കുർബാനയും പ്രത്യേക പ്രാർത്ഥനയും തുടർന്ന് മധുര പലഹാരവും കൊടുക്കുകയും ചെയ്തു. രോഗീസഹായം നല്കി.

**കൊട്ടിയൂർ**

സംസ്ഥാനതല മതബോധനം പ്ലസ്ടു സംഗമത്തിൽ സംസ്ഥാന പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ട ജോയ്സ് പ്ലാക്കൂട്ടത്തിലിനെ ആദരിച്ചു. ഡിസംബർ 1 മുതൽ 25 വരെ എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് മിഷിൻ ലീഗിന്റെ നേതൃത്വത്തിൽ സമ്മാനം നൽകി.

**തോമാട്ടുച്ചാൽ**

ക്രിസ്തുമസ്സിന് ഒരുക്കമായി 25 ദിവസം കുർബാനക്ക് വന്നവരെ outing കൊണ്ടുപോയി.പഞ്ചാബ് മിഷനുവേണ്ടി രൂപാ സമാഹരിച്ച് നൽകി. ഗ്ലോറിയ 2023 ക്രിസ്തുമസ് ആഘോഷം നടത്തി. Carol, Carol song, santhaclose, എന്നീ മത്സരങ്ങൾ നടത്തി. കുഞ്ഞിപ്പൈതങ്ങളുടെ തിരുന്നാൾ ദിവസം അവർക്കുവേണ്ടി പ്രത്യേക പ്രാർഥന നടത്തി.

**തൃശ്ശിലേരി ശാഖ**

25 നോമ്പിൽ എല്ലാ ദിവസവും പള്ളിയിൽ വന്ന 33 കുട്ടികൾക്ക് ക്രിസ്തുമസ് രാത്രി ബ. വികാരിയച്ചൻ സമ്മാനം നൽകി. ക്രിസ്തുമസ് ട്രീ നടത്തി. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു. അന്നേ ദിനം കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥന നടത്തുകയും അവർക്ക് മധുര പലഹാരങ്ങൾ നൽകുകയും ചെയ്തു.

**പുതിയിടംക്കുന്ന്**

രോഗീ സന്ദർശനം നടത്തി. രോഗീ സഹായം കൊടുത്തു. ജന്മ ദിനം ആഘോഷിക്കുന്ന കുട്ടികൾക്ക് ആശംസകൾ നേർന്ന്. പുൽക്കൂട് നിർമ്മാണത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്ക് ചേർന്നു. ക്രിസ്തുമസിനോട് അനുബന്ധിച്ച് പാവപ്പെട്ട ഒരു കുടുംബത്തിന് ഭക്ഷണ കിറ്റ് നൽകി. ക്രിസ്തുമസ്സ് ട്രീ ഒരുക്കുന്നതിന്റെ ഭാഗമായി മിഷൻലീഗ് അംഗങ്ങൾ പള്ളിയിൽ വരുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു.

**ചുങ്കക്കുന്ന് മേഖല**

ശാഖകളുടെ പൂർണ്ണ സഹകരണത്തോടെ നേടിയ മേഖല വിജയത്തിന്റെ സന്തോഷ പ്രകടനം വിവിധ ശാഖകളിൽ മേഖല ടീമിന്റെ നേതൃത്വത്തിൽ നടന്നു. ക്രിസ് ബെൽസ്' കരോൾഗാന മത്സരം സംഘടിപ്പിച്ചു. സാന്താക്ലോസ് വീഡിയോ, ഉണ്ണീശോയ്ക്ക് ഒരു കത്ത്, ക്രിസ്തുമസ് കാർഡ് നിർമ്മാണം തുടങ്ങിയ പ്രതിമാസ മത്സരങ്ങൾ സംഘടിപ്പിച്ചു.

**ശ്രദ്ധിക്കുക:** രൂപത തിരുബാലസഖ്യ മത്സരം ഫെബ്രുവരി 17-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ ബത്തേരി അസംപ്ഷൻ സ്കൂളിൽ വച്ചാണ് നടക്കുന്നതെന്ന വിവരം ഒരിക്കൽ കൂടി അറിയിക്കട്ടെ. അതിനു മുമ്പായി ശാഖാ മേഖല മത്സരങ്ങൾ പൂർത്തിആക്കുവാൻ ശ്രദ്ധിക്കുമല്ലോ. ആൺ, പെൺ വ്യത്യാസത്തിലായിരിക്കും മത്സരം നടക്കുക. ഇക്കാര്യവും ശ്രദ്ധിക്കണേ.

പ്രിയ പ്രേക്ഷിതരെ, വീണ്ടും നാം അൻമ്പതു നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. നമ്മെ സംബന്ധിച്ചിടത്തോളം ഒരിക്കൽ കൂടി യേശുവിന്റെ പീഡാസഹന യാത്രയേയും, കുരിശുമരണത്തെയും, ഉത്ഥാനത്തെക്കുറിച്ച് ചിന്തിക്കുവാനും കൂടുതൽ

പ്രാർത്ഥിക്കുവാനുമുള്ള ദിനങ്ങളിലേക്കാണ് നാം പ്രവേശിക്കാൻ പോകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം ഈ പീഡസഹന കാൽവരി യാത്രയിൽ പ്രാർത്ഥനയിലൂടെയും, മറ്റുള്ളവരെ സഹായിച്ചും, നമുക്കും പങ്കുചേരാം. ശാഖാ, മേഖല തലത്തിൽ സാധ്യമാകുന്ന പ്രവർത്തനങ്ങൾ ചെയ്യുവാൻ ഈ 50 ദിവസത്തെ നോമ്പാചരണത്തിലൂടെ സാധ്യമാകട്ടെയെന്നാശംസിക്കുന്നു.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**ക്രിസ്തുമസ് ആഘോഷം**

വിയാനി ഭവനിൽ വെച്ച് ഡിസംബർ 21 ന് നടത്തപ്പെട്ട ക്രിസ്തുമസ് ആഘോഷത്തിൽ യൂത്ത് മിനിസ്ട്രി വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു. മുള്ളൻകൊല്ലി പുതുപ്പള്ളി ജോസാറും കുടുംബവും അവതരിപ്പിച്ച ക്രിസ്തുമസ് ഡാൻസ് ഏറെ ശ്രദ്ധേയമായി. ഡാൻസ് അവതരിപ്പിച്ച ജോസ് സാറിനും ജയ്മോൾ ടീച്ചർക്കും മക്കൾ ജോസ്വിൻ, ആൻട്രീസ, ലിസ് മരിയയ്ക്കും കരോൾ ഗാനമാലപിച്ച ജീസസ് പ്രൊഫഷണൽസ് കമ്മ്യൂണിറ്റിയിലെ മരിയ തങ്കച്ചൻ മംഗലശ്ശേരി, സ്നേഹ ബിനോയ്, അതുൽ മാമച്ചൻ മംഗലശ്ശേരി, ലൈഫ് വിദ്യാർത്ഥിനി ടെസ്വിൻ ജോഷി വഞ്ഞോട് എന്നിവർക്കും യൂത്ത് മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

**ലൈഫ് ക്രിസ്**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ 2023 വർഷത്തെ ക്രിസ്തുമസ് ആഘോഷം ഡിസംബർ 23-ാം തീയതി ഉച്ചയ്ക്ക് രണ്ടുമണി മുതൽ അഞ്ചുമണി വരെ ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് നടന്നു. ലൈഫ് ട്രെയിനിംങ് സീനിയർ വിദ്യാർത്ഥികൾ നടത്തിയ പ്രാർത്ഥനയോടെ ക്രിസ്തുമസ് പരിപാടികൾ ആരംഭിച്ചു. 2016 ബാച്ചിലെ അനോവ ജേക്കബ്, ഐറിൻ സജി, 2017 ബാച്ചിലെ റിച്ചാർഡ് ജെയിംസ്, സനിലിറ്റ് സന്തോഷ്, 2018 ബാച്ചിലെ എമിൽ എസ് മംഗലത്ത്, ആൽബിൻ ബൈജു, ലിയ ഷിജു, ആഷ്ലി സെബാസ്റ്റ്യൻ, 2019 ബാച്ചിലെ ടെസ്വിൻ ജോഷി, ജോസ്ന പി ജോസഫ്, നേഹ ബിജു, ജോസ്വിൻ ജോസഫ്, ജോയൽ ജോർജ്, ഡാനിയേൽ ജെയിംസ്, ആകാശ് പോൾ എന്നിവർ തങ്ങളുടെ അനുഭവങ്ങൾ മാതാപിതാക്കളുമായി പങ്കുവെച്ചു. യൂത്ത് മിനിസ്ട്രി കോഡിനേറ്റർ സിസ്റ്റർ ആൻസി തോമസ് സ്വാഗതവും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ മുഖ്യപ്രഭാഷണവും മീഡിയ കോഡിനേറ്റർ സി. ഡെൽഫി മരിയ നന്ദിയും പറഞ്ഞു. തുടർന്ന് തങ്ങളുടെ ക്രിസ്തുമസ് അനുഭവങ്ങൾ മാതാപിതാക്കളും വിദ്യാർ

ത്ഥികളും പങ്കുവെച്ചു. ക്രിസ്തുമസ് സമ്മാനങ്ങൾ വിദ്യാർത്ഥികൾ പരസ്പരം കൈമാറി. മുതിർന്ന ബാച്ചിലെ വിദ്യാർത്ഥികൾ അവരുടെ ലൈഫ് അനുഭവങ്ങൾ പങ്കുവെച്ചത് മാതാപിതാക്കൾക്ക് ഏറെ പ്രചോദനമായി. ക്രിസ്തുമസ് കേക്ക് മുറിച്ച് എല്ലാവർക്കും വിതരണം ചെയ്തു.

തുടർന്ന് ലൈഫ് വിദ്യാർത്ഥികൾ ക്രിസ്തുമസ് കരോൾ ഗാനം ആലപിച്ചു. പുൽപ്പള്ളി പുത്തൻപുര ജോസ് സാറും കുടുംബവും ചേർന്ന് അവതരിപ്പിച്ച ക്രിസ്തുമസ് കരോൾ ഡാൻസ് എല്ലാവർക്കും ആനന്ദദായകമായിത്തീർന്നു. പിന്നീട് വിദ്യാർത്ഥികളും മാതാപിതാക്കന്മാരും വേറെവേറെ ക്രിസ്തുമസ് നൃത്തം അവതരിപ്പിച്ചു. തുടർന്ന് ഭവനങ്ങളിൽ നിന്ന് സ്നേഹവിരുന്നിനായികൊണ്ടുവന്ന ഭക്ഷണം എല്ലാവരും ആസ്വദിച്ചു.106 പേർ പങ്കെടുത്ത 2023ലെ ഈ ക്രിസ്തുമസ് ആഘോഷം നല്ലൊരു സ്നേഹത്തിനും ലൈഫ് കുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മയ്ക്കും സഹായകമായി. പങ്കെടുത്ത എല്ലാവർക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**അവധിക്കാല ക്യാമ്പ്**

ക്രിസ്തുമസ് അവധിക്കാല ലൈഫ് ട്രെയിനിംഗ് ക്യാമ്പ് 2023 ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ 29-ാംതീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണി വരെ മംഗലശ്ശേരിയിൽ വെച്ച് നടന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി. എം. സി, സി. ഡെൽഫി മരിയ സി. എം. സി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. 32 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പ് കുട്ടികൾക്ക് ഏറെ ഉണർവും പ്രചോദനവുമായി തീർന്നു.

**യൂത്ത് മിനിസ്ട്രി ചാനൽ**

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ യൂട്യൂബ് ചാനലിൽ വിദ്യാർത്ഥികളുടെ ക്രിസ്തുമസ് സന്ദേശങ്ങളും മുള്ളൻകൊല്ലി പുതുപ്പള്ളി ജോസാറും കുടുംബവും അവതരിപ്പിച്ച ക്രിസ്മസ് ഡാൻസും അപ്‌ലോഡ് ചെയ്തു. കൂടാതെ സി.എം.സി യുടെ കാർമൽ വിഷൻ യൂട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്ത കരോൾ ഗാനത്തിലും ദനഹാ തിരുനാളിനോടനുബന്ധിച്ച് പുറത്തിറക്കിയ ഗാനത്തിലും ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾ അഭിനയമികവ് തെളിയിച്ചു.

## Heavenly Rythm

യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ നേതൃത്വത്തിൽ Heavenly Rythm എന്ന പേരിൽ 2024 ജനുവരി മാസം മുതൽ സ്റ്റാറ്റസ് വീഡിയോസ് ആരംഭിച്ചു.

## ചാവറ ഫെസ്റ്റ്

വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വിദ്യാഭ്യാസ ദർശനങ്ങൾ അടുത്ത തലമുറയ്ക്ക് കൊടുക്കുക, ചാവറപ്പിതാവ് ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ അവരിൽ ഉറപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടെ സി.എം.സി. മാനന്തവാടി പ്രൊവിൻസിലെ വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിന്റെയും ഫെയ്ത് ഫോർമേഷൻ ഡിപ്പാർട്ട്മെന്റിന്റെയും ആഭിമുഖ്യത്തിൽ 2024 ജനുവരി 2 ന് മൗണ്ട് കാർമ്മൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഇന്റർ സ്കൂൾ 'ചാവറ ഫെസ്റ്റ്' നടത്തപ്പെട്ടപ്പോൾ പ്രസംഗം, കവിതാലാപനം, നാടൻപാട്ട്, സംഘഗാനം എന്നീ മത്സരങ്ങളിലായി ലൈഫ് ട്രെയിനിംഗിലെ 7 വിദ്യാർത്ഥികൾ പങ്കെടുക്കുകയും മികച്ച നേട്ടം കൈവരിക്കുകയും ചെയ്തു. സംഘഗാനത്തിന് ഒന്നാം സ്ഥാനവും, നാടൻപാട്ട്, കവിത എന്നിവയ്ക്ക് രണ്ടാം സ്ഥാനവും ഹൈസ്ക്കൂൾ വിഭാഗം പ്രസംഗത്തിന് രണ്ടും മൂന്നും സ്ഥാനങ്ങളും ലഭിച്ചു. മത്സരത്തിൽ പങ്കെടുത്ത് വിജയം നേടിയ ടെസ്‌വിൻ ജോഷി, ആഷ്ലിൻ മരിയ, ആൻട്രീസ ജോസ്, ലിസ്മരിയ, ജിസ് മരിയ, അഡോൺ ജോർജ്, ഹന്ന മരിയ ജോസ് എന്നിവർക്ക് അനുമോദനങ്ങൾ.

## ലൈഫ് ട്രെയിനിംഗ്

2024 ജനുവരി പന്ത്രണ്ടാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ പതിമൂന്നാം തീയതി ശനിയാഴ്ച നാലുമണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ലൈഫ് ട്രെയിനിംഗ് ക്യാമ്പ് നടന്നു. 32 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പിന് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി. എം. സി, സി. ഡെൽഫി മരിയ സി. എം. സി, സി. ഡീന റോസ് സി. എം. സി എന്നിവർ നേതൃത്വം വഹിച്ചു. ശ്രീ. ജോൺസൺ വടക്കേക്കര സാർ ഉപന്യാസ രചനയിൽ നല്ല പരിശീലനം വിദ്യാർത്ഥികൾക്ക് നൽകി.

**അഭിമാനത്തോടെ**

സംസ്ഥാനതല സ്കൂൾ കലോത്സവത്തിൽ കഥാപ്രസംഗം, പ്രസംഗം എന്നിവയ്ക്ക് ഏറെ അഭിനന്ദനമർഹിക്കും വിധം എ ഗ്രേഡോടെ ഒന്നാം സ്ഥാനത്തിന് അർഹയായ ലൈഫ് ട്രെയിനിംഗ് 2020 ബാച്ച് വിദ്യാർഥിനി ആൻ മരിയ അജിന് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ അനുമോദനങ്ങൾ.

**ലൈഫ് ട്രെയിനിംഗ് പത്താം വർഷത്തിലേക്ക്**

ലൈഫ്ട്രെയിനിംഗ് പരിശീലനത്തിന്റെ പത്താം വർഷം ബാച്ചിലേക്കുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി 2024 ഫെബ്രുവരി 18-ാം തീയതി ആദ്യ എൻട്രൻസ് പരീക്ഷ നടക്കുകയാണ്. സ്കൂൾതലത്തിൽ ആറാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് പ്രസ്തുത പരീക്ഷയിൽ പങ്കെടുക്കേണ്ടത്. ആറാം ക്ലാസിലെ സ്കൂൾ തലത്തിലെയും വേദപാഠത്തിലെയും പാഠഭാഗങ്ങൾ അടിസ്ഥാനപ്പെടുത്തിയായിരിക്കും ഈ പ്രവേശന പരീക്ഷ നടത്തുന്നത്. പതിനെട്ടാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിമുതൽ നാലുമണിവരെയാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

10 കേന്ദ്രങ്ങളിലായിട്ടാണ് ആദ്യ എൻട്രൻസ് ടെസ്റ്റ് നടക്കുന്നത്. പുൽപ്പള്ളി, ബത്തേരി, കൽപ്പറ്റ, ചുങ്കക്കുന്ന്, മാനന്തവാടി, ദ്വാരക, കാവുമന്ദം, നടവയൽ, മണിമൂളി, നിലമ്പൂർ എന്നീ കേന്ദ്രങ്ങളിൽ വച്ചായിരിക്കും പരീക്ഷ നടക്കുക. വിദ്യാർഥികൾക്ക് സൗകര്യപ്രദമായ സെന്ററുകൾ തിരഞ്ഞെടുക്കാവുന്നതാണ്. കൂടുതൽ വിശദാംശങ്ങൾക്കായി 8304844917 എന്ന നമ്പറിൽ ബന്ധപ്പെടുക.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

പ്രിയമുള്ളവരെ,

കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുള്ള ക്രൈസ്തവ യുവത്വം. സഭാ നവീകരണത്തോടനുബന്ധിച്ച് പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീഷ്ണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നിച്ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണം എന്ന് ആഹ്വാനം ചെയ്യുന്ന ആപ്തവാക്യവുമായി ഈ വർഷം (2024) യുവജന വർഷമായി കെ സി ബി സി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ആഹ്വാനം ഏറ്റെടുത്തുകൊണ്ട് നമ്മുടെ രൂപതയിലും കെ.സി.വൈ.എം സംഘടനയുടെ നേതൃത്വത്തിൽ യുവജന വർഷമായി ആചരിക്കുകയാണ്. എല്ലാ യുവജനങ്ങൾക്കും അനുഗ്രഹപ്രദമായ ഒരു വർഷം ആശംസിക്കുകയും എല്ലാ നന്മകളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൂട്ടായ്മയും ഐക്യവും യുവജനങ്ങൾക്കിടയിൽ യേശുവിന്റെ സ്നേഹ വിപ്ലവത്തിന് ശക്തി പകരട്ടെ. ഓരോ യുവാവും ഓരോ യുവതിയും ആധുനിക കാലഘട്ടത്തിന്റെ എല്ലാവിധ വൈവിധ്യങ്ങളോടും കൂടെ സമൂഹത്തിൽ ജീവിക്കുമ്പോൾ ജീവിതലക്ഷ്യം മറക്കാതെ ആഴമുള്ള ക്രൈസ്തവ ബോധ്യത്തോടെ ജീവിക്കുന്നവരായി മാറാൻ പരിശ്രമിക്കേണ്ടവരാണ്. സുഖവും ലോകസന്തോഷങ്ങളും മാത്രം തേടി പോവുകയും ദൈവത്തെയും ദൈവീക കാര്യങ്ങളിൽ നിന്ന് അകലം പാലിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വാഴ്ത്തപ്പെട്ട, സൈബർ യുഗത്തിന്റെ വിശുദ്ധൻ എന്നറിയപ്പെടുന്ന കാർലോസ് അകുിറ്റിസിന്റെ ജീവിത മാതൃക സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിന് സാക്ഷികൾ ആകാൻ നമുക്ക് പരിശ്രമിക്കാം. 'നിങ്ങളുടെ പ്രവർത്തികൾ ലോകത്തെ മാറ്റത്തിലേക്ക് നയിക്കട്ടെ, വിശ്വാസം നഷ്ടപ്പെടാതെ മുന്നോട്ടുപോകുക ജീവിതം നിങ്ങളുടെതാണ് അത് വെളിച്ചം

ഉണ്ടാക്കി മാറ്റേണ്ടത് നിങ്ങൾതന്നെയാണ് എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ മറക്കാതിരിക്കാതിരിക്കാം. നീതിയുടെ പ്രവാചകരും ദൈവരാജ്യത്തിന്റെ വക്താക്കളുമായി വളരാൻ യുവജനങ്ങളെ പ്രേരിപ്പിക്കാനും സാമൂഹിക തിന്മകൾക്കെതിരെ പോരാടാൻ യുവജനങ്ങളെ സജ്ജരാക്കാനും, സാമുദായവും രാഷ്ട്രീയവുമായ നേതൃത്വത്തിലേക്ക് യുവജനങ്ങളെ ഉണർത്താനും എല്ലാ യുവജനങ്ങളെയും ഭാരവാഹികളെയും വൈദികർ സന്യസ്ത്യർ അത്മായസഹോദരങ്ങൾ തുടങ്ങിയ എല്ലാവരെയും ഈ യുവജന വർഷത്തിലെ പ്രവർത്തനങ്ങളിലേക്ക് പ്രത്യേകമായി ക്ഷണിക്കുകയും ചെയ്യുന്നു. കഴിഞ്ഞവർഷം രൂപതാ കെ.സി.വൈ.എം പ്രസ്ഥാനത്തെ നയിച്ച ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിലിന്റെ നേതൃത്വ സമിതിയെ നന്ദിയോടെ ഓർക്കുകയും ശ്രീ. ജിഷിൻ മുണ്ടയ്ക്കതടത്തിലിന്റെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതിക്ക് എല്ലാവിധ ആശംസകളും അറിയിക്കുകയും ചെയ്യുന്നു. കനിവായി കനലായി ചിറകായ് രൂപത മേഖല യൂണിറ്റ് തലങ്ങളിൽ നമുക്ക് ഉണർന്ന് പ്രവർത്തിക്കാനും വളരാനും സാധിക്കട്ടെ.

ഡയറക്ടർ

**ഫാ. സാന്റോ അമ്പലത്തറ**

**ക്രിസ്തുമസ് ആഘോഷം**

ലഹരിക്കെതിരെ ബോധവൽക്കരണ സന്ദേശം നൽകുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ മുന്നണി പോരാളിയായി പ്രവർത്തിക്കുകയും ചെയ്യുന്ന റിട്ടയേർഡ് അധ്യാപകൻ ബഹു. അശോകൻ മാസ്റ്ററുമായി ചേർന്ന്, KCYM മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പനമരം, അഞ്ചുകുന്ന്, കാരയ്ക്കാമല എന്നീ പ്രദേശങ്ങളിലെ കോളനികളിൽ നൂറ് ബക്കറ്റുകൾ വിതരണം ചെയ്യുകയും കോളനികളിലെ കുട്ടികൾ ലഹരി വിരുദ്ധ സന്ദേശമുണർത്തുന്ന വിവിധ പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും ക്രിസ്തുമസ് ആഘോഷം നടത്തുകയും ചെയ്തു.

**ഉത്സവ് 2023**

ഉത്സവ് 2023 KCYM സംസ്ഥാന കലോത്സവത്തിൽ ആവേ

ശോജ്വലമായ പ്രകടനത്തിലൂടെ മാനന്തവാടി രൂപത സെക്കന്റ് റണ്ണർ അപ്പ് കരസ്ഥമാക്കി. KCYM ആന്തം ഒന്നാം സ്ഥാനം, മോണോ ആക്ട് പെൺകുട്ടികൾ മൂന്നാം സ്ഥാനം: ലിന്റ വടക്കേക്കര, മോണോ ആക്ട് ആൺകുട്ടികൾ മൂന്നാം സ്ഥാനം: അലൻ ടോം ജോസ് കിഴക്കേൽ, സ്പോട്ട് കൊറിയോ- ആൺകുട്ടികൾ മൂന്നാം സ്ഥാനം: ഓസ്റ്റിൻ സന്തോഷ് വെളിയത്ത്, നാടോടി നൃത്തം ആൺകുട്ടികൾ രണ്ടാം സ്ഥാനം: ഫ്രാൻസീസ് വെളിയാപള്ളി യിൽ, പ്രസംഗം പെൺകുട്ടികൾ മൂന്നാം സ്ഥാനം: ഐറിൻ വാത ക്കോടത്ത്, പോസ്റ്റർ രചന രണ്ടാം സ്ഥാനം ദിലു പ്ലാശനാൽ, കഥാ രചന രണ്ടാം സ്ഥാനം: അനുഷ മൂത്തേടത്ത്, കവിതാ രചന മൂന്നാം സ്ഥാനം: അല പള്ളത്ത് വിജയികളായ മത്സരാർത്ഥിക ൾക്ക് ഒരായിരം അഭിനന്ദനങ്ങൾ.

**ആശംസകൾ:** KCYM മാനന്തവാടി രൂപതാ ഡയറക്ടറായിരിക്കുന്ന ഫാ. സാന്റോ അമ്പലത്തറക്ക് പൗരോഹിത്യ സ്വീകരണ ദിന ത്തിന്റെ സ്നേഹം നിറഞ്ഞ പ്രാർത്ഥനാശംസകൾ. KCYM മാനന്ത വാടി രൂപതാ സിൻഡിക്കേറ്റ് അംഗം അജിത് പറയിടത്തിലിനും, മുൻ ജനറൽ സെക്രട്ടറിയും രൂപതാ സിൻഡിക്കേറ്റ് അംഗവുമായ അഭിനന്ദ് കൊച്ചുമലയിലിനും, രൂപതാ സിൻഡിക്കേറ്റ് അംഗം ആൻമരിയ ജോസഫിനും KCYM രൂപതാ കുടുംബത്തിന്റെ ജന്മ-ദിനാശംസകൾ.

**അഭിനന്ദനങ്ങൾ**: സംസ്ഥാനതല മതബോധനം പ്ലസ് 2 സംഗമ ത്തിൽ സംസ്ഥാന പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട കെ.സി. വൈ.എം ചുങ്കക്കുന്ന് മേഖല സെക്രട്ടറി കുമാരി മരിയ ജോമോൻ വലിയവീട്ടിലിനും, കൊട്ടിയൂർ യൂണിറ്റ് അംഗം ജോയ്സ് ജോസ് പ്ലാക്കൂട്ടത്തിലിനും അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ:** സി.വൈ.എം മൺവയൽ യൂണിറ്റ് ഭാരവാഹി വിപിൻ തറപ്പിലിന് ആദരാഞ്ജലികൾ

**വാർഷിക സെനറ്റ് സമ്മേളനം**

KCYM മാനന്തവാടി രൂപതയുടെ 29-ാം വാർഷിക സെനറ്റും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2024 ജനുവരി 2 ചൊവ്വാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു.

സെനറ്റ് സമ്മേളനം മുൻ മണിമൂളി മേഖല പ്രസിഡന്റും കെ.സി. ബി.സി യുടെ 2018 ലെ മികച്ച യുവജന പ്രവർത്തകനുള്ള അവാർഡ് ജേതാവുമായ ശ്രീ. സന്തോഷ് ചെട്ടിശേരി ഉദ്ഘാടനം ചെയ്തു. രൂപതയിലെ മികച്ച മേഖല, യൂണിറ്റ്, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ മികച്ച യൂണിറ്റ്, ആഗസ്റ്റ് മാസാചരണം മികച്ച മേഖല, യൂണിറ്റുകൾ, എന്നിവക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. മേഖല, രൂപത റിപ്പോർട്ട് അവതരണം, സംഘടനാ ചർച്ചകൾ, 2024 വർഷത്തെ രൂപതാ ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ് എന്നിവ നടത്തപ്പെട്ടു.

**നന്ദിയോടെ**

Let's walk with Jesus എന്ന പ്രവർത്തന വർഷ മുദ്രാവാക്യത്തിലൂന്നി 2023 വർഷത്തെ യുവജനങ്ങളെ പ്രവർത്തനങ്ങളിലൂടെ KCYM മാനന്തവാടി രൂപത പ്രസ്ഥാനത്തെ നയിച്ച രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, വൈസ്. പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുളിക്കയിൽ, ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് ജോർജ് കൊച്ചുമലയിൽ, സെക്രട്ടറിമാരായ കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ, ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, കോഡിനേറ്റർ ശ്രീ. അഖിൽ ജോസ് വാഴച്ചാലിൽ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച് എന്നിവർക്ക് KCYM മാനന്തവാടി രൂപത പ്രസ്ഥാനത്തിന്റെ നന്ദി.

**2024 ലെ രൂപതാ നേതൃത്വം (സെക്രട്ടറിയേറ്റ് അംഗങ്ങൾ)**

പ്രസിഡന്റ്: ശ്രീ. ജിഷിൻ മുണ്ടക്കതടത്തിൽ (കൊമ്മയാട്) വൈസ് പ്രസിഡന്റ്: കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ (ഒറ്റപ്ലാവ്) ജനറൽ സെക്രട്ടറി: ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ (കല്ലുവയൽ) സെക്രട്ടറി: കുമാരി അമ്പിളി സണ്ണി കുറുമ്പലാക്കട്ട് (തവിഞ്ഞാൽ): ശ്രീ ഡെലിസ് സൈമൺ വയലുങ്കൽ (കല്പറ്റ) ട്രഷറർ: ശ്രീ. ജോബിൻ ജോയ് തുരുത്തേൽ (കൽപ്ര) കോർഡിനേറ്റർ: ശ്രീ. ജോബിൻ തടത്തിൽ (ഒണ്ടയങ്ങാടി) ഡയറക്ടർ: ഫാ.സാന്റോ അമ്പലത്തറ, ആനിമേറ്റർ: സി. ബെൻസി ജോസ് എസ്.എച്ച്.

**മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് അംഗങ്ങൾ**

കല്ലോടി: ശ്രീ അജിത്പോൾ പറയിടത്തിൽ (കല്ലോടി), കുമാരി അലീഷാ തെക്കിനാലിൽ (കല്ലോടി) നീലഗിരി : ശ്രീ ജോബിൻ ജോയ് തുരുത്തേൽ (കൽപ്ര) കുമാരി വീജി വർഗ്ഗീസ് മഞ്ഞിലാടിയിൽ (അരുൾനിലയം) നിലമ്പൂർ: ശ്രീ ആശിഷ് ജോബ് കാവുങ്കൽ (വടപ്പുറം) കുമാരി ജോസ്ന ജോസ് പുതുശ്ശേരി (നിലമ്പൂർ), ബത്തേരി : ശ്രീ ജിൻസ് കെ.ജെ കറുത്തേടത്ത് (പഴൂർ) കുമാരി റോസ്മിൻ തൈപ്പറമ്പിൽ (കരണി) ചുങ്കക്കുന്ന് : ശ്രീ. വിമൽ വിൽസൺ കൊച്ചുപുരക്കൽ (വെള്ളൂന്നി), കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ (ഒറ്റപ്ലാവ്), പയ്യമ്പള്ളി: ശ്രീ. ജോബിൻ തടത്തിൽ (ഒണ്ടയങ്ങാടി) കുമാരി ശിഖ വർഗ്ഗീസ് മൊടോമറ്റത്തിൽ (പടമല) കല്പറ്റ: ശ്രീ. ഡെലിസ് സൈമൺ വയലുങ്കൽ (കല്പറ്റ) കുമാരി സോണിയ മഠത്തിൽ (പുഴമുടി), നടവയൽ : ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ (കല്ലുവയൽ) കുമാരി ശിൽപ്പ ജോസ് അരുമ്പുള്ളിൽ (ചുണ്ടക്കര) മണിമൂളി : ശ്രീ. അഖിൽ സന്തോഷ് കൊല്ലംപറമ്പിൽ (പാതിരിപ്പാടം) കുമാരി ലിജി തകരപ്പിള്ളിൽ (പാലേമാട്) മാനന്തവാടി : ശ്രീ. ക്ലിന്റ് ബേബി ജോർജ് ചായംപുന്നകൽ (കണിയാരം) കുമാരി ആൻമരിയ തയ്യൽ (കണിയാരം) ദ്വാരക: ശ്രീ. ജിഷിൻ മുണ്ടക്കതടത്തിൽ (കൊമ്മയാട്) കുമാരി അലീന ടോമി ഇല്ലിക്കൽ (ചുള്ളിയാന) മുള്ളൻകൊല്ലി: ശ്രീ. ആൽബിൻ ജെയ്സൺ കല്ലറക്കൽ (മരക്കടവ്) ശ്രീമതിഅനു പൊങ്ങോലിൽ (കബനിഗിരി) ഡയറക്ടേഴ്സ് പ്രധിനിധി: ഫാ. സജി പുതുക്കുളങ്ങര ആനിമേറ്റേഴ്സ് പ്രധിനിധി: സി. നാൻസി SABS.

**2024 ലെ സംസ്ഥാന പ്രതിനിധികൾ**

ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ (സിൻഡിക്കേറ്റ്) കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ (സിൻഡിക്കേറ്റ്) ശ്രീ റ്റിബിൻ പാറക്കൽ (സെനറ്റ്) ശ്രീ. ജസ്റ്റിൻ തെക്കേമുറിയിൽ (സെനറ്റ്) കുമാരി ടെസ്സിൻ തോമസ് വയലിൽ (സെനറ്റ്, SMYM ഗ്ലോബൽ കൗൺസലർ) ശ്രീ. ബിബിൻ തോമസ് പിലാപ്പിള്ളി (സെനറ്റ്)

## Ex- officio Members

ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, സി.സാലി ആൻസ് സി. എം. സി, കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ ശ്രീ. അഭിനന്ദ് ജോർജ് കൊച്ചുമലയിൽ, കുമാരി മെലിൻ ആന്റണി പുളിക്കിയിൽ

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

ഡിസംബർ 10 ന് നടത്തിയ വാർഷിക സെനറ്റിൽ 60 പേർ പങ്കെടുത്തു. വചന പ്രതിഷ്ഠയോടുകൂടി ആരംഭിച്ച വാർഷിക സെനറ്റ് മേഖല രക്ഷാധികാരി ഫാ. സോണി വാഴകാട്ട് വാർഷിക ഉദ്ഘാടനം ചെയ്തു. SMYM ഗ്ലോബൽ കൗൺസിലർ കുമാരി ടെസ്സിൻ വയലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് വേണ്ടി ക്ലാസ് സംഘടിപ്പിച്ചു. രൂപതാ സിൻഡിക്കേറ്റ് അംഗം കുമാരി ടീന മലയതടത്തിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. കെ.സി.വൈ.എം 2023 പ്രവർത്തന വർഷത്തിൽ രൂപതയിലെ മികച്ച മേഖല പ്രവർത്തനങ്ങൾക്കുള്ള അവാർഡ് നേടിയ അഖിൽ അലോഷ്യസിന് ആശംസ അറിയിച്ചു. 2024 പ്രവർത്തന വർഷത്തിൽ രൂപത സ്ഥാനാർത്ഥികളായി തിരഞ്ഞെടുക്കപ്പെട്ട ജിഷിൻ മുണ്ടക്കാതടത്തലിന്റെ നേതൃത്വത്തിലുള്ള പുതിയ ടീമിന് ആശംസകൾ നേർന്നു. ഡോ. ബി.ആർ അംബേദ്കർ മാധ്യമ പുരസ്കാരത്തിന് തുടർച്ചയായി നാലാം തവണയും റേഡിയോ പുരസ്കാരത്തിന് അർഹമായ റിപ്പോർട്ട് തയ്യാറാക്കിയ 'ഊരുവട്ടം' - പ്രോഗ്രാം പ്രൊഡ്യൂസർ പൂർണ്ണിമക്കും അഭിനന്ദനങ്ങൾ അറിയിച്ചു. പേര് നിർദ്ദേശിക്കാൻ സമ്മാനം നേടാം കെ.സി.വൈ.എം മാനന്തവാടി മേഖലയുടെ 2024-25 പ്രവർത്തനവർഷത്തെ മാർഗരേഖ അനുയോജ്യമായ പേരു നിർദ്ദേശിക്കൽ മത്സരം നടത്തി.

**യൂണിറ്റ് വാർത്തകൾ**

**കണിയാരം:** 2024 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ക്രിസ്തുമസിനോടനുബന്ധിച്ച് ക്രിസ്തുമസ് സന്ദേശയാത്രയായി Buon Natale എന്ന പേരിൽ മാനന്തവാടി ടൗണിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ട്രീ ഒരുക്കി.

**തവിഞ്ഞാൽ:** പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി. KCYM അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകപള്ളിയിൽ നക്ഷത്രം നിർമ്മിച്ചു. രോഗി സന്ദർശനം നടത്തി, രോഗികൾ ആയവർക്ക് സാമ്പത്തികമായ സഹായം നൽകി

**തലപ്പുഴ**: നവംബർ 19 പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് യൂണിറ്റിൽ നടത്തി. പള്ളിയിൽ പുൽക്കൂടും ക്രിസ്തുമസ്ട്രീയും നിർമ്മിച്ചു. ഇടവകയിൽ രോഗീ സന്ദർശനം നടത്തി. ഇടവക തിരുനാളിൽ ഫണ്ട് ശേഖരാണാർത്ഥം ഐസ് ക്രീം സ്റ്റാൾ നടത്തി.

**വാളാട്:** ഇടവക പള്ളിയിൽ പുൽക്കൂട് നിർമ്മിച്ചു. ഇടവകയിൽ രോഗികൾ ആയി കഴിയുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ചു. ഇടവകയിൽ യുവജന സംഗമം നടത്തി.

**പുതുശ്ശേരിക്കടവ്:** ഡിസംബർ 12 ന് നടത്തിയ സെനറ്റ് യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ക്രിസ്തുമസിനോട് അനുബന്ധിച്ച് കേക്ക് വില്പന നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിൽ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. പൗരോഹിത്യ ജീവിതത്തിന്റെ 26 വർഷങ്ങൾ പൂർത്തിയാക്കിയ യൂണിറ്റ് ഡയറക്ടർ ഫാ. പോൾ ഇടയകൊണ്ടാട്ടിന് പ്രാർത്ഥനാശംസകൾ നേർന്നു. കുഞ്ഞു പൈതങ്ങളുടെ തിരുനാൾ ദിനം, വി.ചാവറ കുര്യാക്കോസ് അച്ചന്റെ തിരുനാൾ ദിനം, ലോക ബ്രെയിൽ ദിനം, ലോക ഹിപ്നോട്ടിസ ദിനം, ദേശീയ പക്ഷി ദിനം, ദനഹാ തിരുനാൾ, ലോകയുദ്ധ അനാഥർ ദിനം, ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് സ്ഥാപക ദിനം, പ്രവാസി ഭാരതീയ ദിനം, ലോക ഹിന്ദി ദിനം എന്നീ വിശേഷ ദിവസങ്ങളിൽ സോഷ്യൽ മീഡിയയിലൂടെ സന്ദേശം പങ്കുവച്ചു.

**ബത്തേരി:** ക്രിസ്തുമസ് ഒരുക്കത്തിന്റെ ഭാഗമായി എല്ലാ ദിവസവും സുകൃത ജപം ചൊല്ലി കാഴ്ച വച്ചു. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് യൂണിറ്റിൽ നടത്തി. യൂണിറ്റ് സിൻഡിക്കേറ്റ് ആയി പ്രവർത്തിച്ചവരെ അനുമോദിച്ചു. ക്രിസ്തുമസ് കേക്ക് വിതരണം ചെയ്തു. ഇടവക പള്ളിയിൽ പുൽക്കൂട് നിർമ്മിച്ചു.

**കയ്യൂന്നി:** ക്രിസ്തുമസിനോടനുബന്ധിച്ച് യുവാക്കളുടെ നേതൃത്വ ത്തിൽ പള്ളിയും പരിസരങ്ങളും അലങ്കരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവക മുഴുവൻ കേക്ക് വിതരണം നടത്തി. 'നക്ഷത്ര രാവ്' എന്ന പ്രോഗ്രാം ക്രിസ്തുമസ് കരോൾ, ഫ്ളാഷ് മോബ്, ക്രിസ്തുമസ് സന്ദേശം, ക്രിസ്തുമസ് കേക്ക് വിതരണം, ഭാഗ്യശാലിയെ കണ്ടെത്തൽ എന്നിങ്ങനെ വിപുലമായ പരിപാടികൾ അഞ്ച് ടൗണുകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. ക്രിസ്തുമസിനോട് അനുബന്ധിച്ച് കപ്പാല, പോത്തുകൊല്ലി എന്നീ കോളനികളിലുള്ള ആളുകൾക്ക് ക്രിസ്തുമസ് കേക്ക് വിതരണം ചെയ്തു.

**മക്കിയാട്:** KCYM അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവക പള്ളി യിൽ നക്ഷത്രം, പുൽക്കൂട് എന്നിവ നിർമ്മിച്ചു. ക്രിസ്തുമസിനു ഒരുക്കമായ സുകൃതങ്ങളും നിയോഗങ്ങളും ഉൾകൊള്ളുന്ന പോസ്റ്റർ നിർമ്മിച്ചു പോസ്റ്റ് ചെയ്തു. ഡിസംബർ 3 ന് പുതിയ ഭാര വാഹികളുടെ തിരഞ്ഞെടുപ്പ് യൂണിറ്റിൽ നടത്തി. മുൻ ഭാരവാഹി കൾക്ക് നന്ദി. പ്രായമായവരുടെയും, രോഗികളുടെയും ഭവനങ്ങൾ സന്ദർശിച്ച് ക്രിസ്തുമസ് കേക്ക് നൽകുകയും ആശംസകൾ നേരു കയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ട്രീ ഒരുക്കി.

**റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ**
ജനറൽ സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**ലഹരിവിരുദ്ധ ദൂത്**

2024 ജനുവരി 07 ന് പൂക്കോട്ടുംപാടം ഇടവകയിൽ ലഹരിവിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഇടവകവികാരി ബഹു. ഷാജു മുളവേലിക്കുന്നേൽ ലഹരിവിരുദ്ധ ദിനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ വി. കുർബാന അർപ്പിച്ച് മുതിർന്നവർക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നയിച്ചു.

**പെരിക്കല്ലൂർ**

കോട്ടയം രൂപതയുടെ കീഴിലുള്ള പെരിക്കല്ലൂർ ഫൊറോന ദൈവാലയത്തിൽ ലഹരിവിരുദ്ധ ദിനം ആചരിച്ചു. ബഹു. വികാരി ഫാ. മാത്യു മേലേടത്ത് ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിച്ചു. സമിതി ഡയറക്ടർ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കുട്ടികൾക്കും അധ്യാപകർക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഭവനങ്ങൾ സന്ദർശിച്ചു.

**ലഹരിവിരുദ്ധ വാരാചരണം**

ലഹരിവിരുദ്ധ വാരാചരണം വളരെ മികവുറ്റതാക്കിയ 'ജ്വാല' ലഹരിവിരുദ്ധ ക്ലബിലെ പ്രവർത്തകർക്കും അവർക്ക് നേതൃത്വം നൽകിയ ഡയറക്ടർ, ആനിമേറ്റർ സമിതി അംഗങ്ങൾ ഇടവകയിലെ ദൈവജനം എന്നിവർക്ക് അഭിനന്ദനങ്ങൾ. 'ജ്വാല' ലഹരിവിരുദ്ധ ക്ലബ്ബ് സംഘടിപ്പിച്ച് കലാസാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തവർക്കും വിജയികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ! മത്സരഫലങ്ങൾ ചുവടെ ചേർക്കുന്നു.

**മികച്ച ഇടവകകൾ**

ഫാത്തിമാ മാതാ ഫൊറോന ചർച്ച് ചുങ്കക്കുന്ന് Ist

സെന്റ് തോമസ് ചർച്ച് തോമാട്ടുചാൽ IInd

ലിറ്റിൽ ഫ്ളവർ ഫൊറോന ചർച്ച് നിലമ്പൂർ IIIrd

**കവിത**

**സൂപ്പർ സീനിയർ**

അല ജോസ് പള്ളത്ത്, കല്ലോടി Ist

ഷീജ സെബാസ്റ്റ്യൻ, കത്തീഡ്രൽ II$^{nd}$

റോബി താണികുന്നേൽ, കത്തീഡ്രൽ III$^{rd}$

**ജൂനിയർ**

അഷ്ന പുല്ലുവേലിൽ, ആലാറ്റിൽ I$^{st}$

എൽസിൻ മരിയ അനീഷ്, ആലാറ്റിൽ II$^{nd}$

പ്രീതി ആൻ ജോസഫ്, കത്തീഡ്രൽ III$^{rd}$

**സീനിയർ**

മരിയ സാന്ദ്ര വെള്ളിയാംകത്തിൽ, കല്ലോടി I$^{st}$

ജോഫിയ റിനീഷ്, കത്തീഡ്രൽ II$^{nd}$

ആൻലിയ ജിജി, ആലാറ്റിൽ III$^{rd}$

**പോസ്റ്റർ**

**സൂപ്പർസീനിയർ**

നിമ്മി ഓതർകുന്നേൽ,  ചുങ്കക്കുന്ന് I$^{st}$

ആഗ്നസ് ചാക്കോ, ചുങ്കക്കുന്ന് II$^{nd}$

**സീനിയർ**

സ്റ്റീവോ ജോസഫ്, ചുങ്കക്കുന്ന് I$^{st}$

അൽവിന സി. രാജേഷ്, ബോയ്സ് ടൗൺ II$^{nd}$

അനില സുനിൽ, ചുങ്കക്കുന്ന് III$^{rd}$

**ജൂനിയർ**

അമൽ സെബാസ്റ്റ്യൻ, കൊട്ടിയൂർ I$^{st}$

അഞ്ജല ലിസ് ബിനോയി, നിലമ്പൂർ II$^{nd}$

അൽന മേരി ബേബി, കത്തീഡ്രൽ III$^{rd}$

**കൊളാഷ്**

**സൂപ്പർസീനിയർ**

ജസ്വിൻ നിരപ്പേൽ, തോമാട്ടുചാൽ I$^{st}$

നിമ്മി തേവർകുന്നേൽ II$^{nd}$

**സീനിയർ**

എയ്ജലിൻ മതയാപ്പള്ളി, തോമാട്ടുചാൽ I$^{st}$

സ്റ്റീവോ ജോസഫ് കുഴിപ്പള്ളിൽ, കൊട്ടിയൂർ II$^{nd}$

റെയാൻ ജോസ് പ്രസാദ്, കത്തീഡ്രൽ III$^{rd}$

**ജൂനിയർ**

അമൽ സെബാസ്റ്റ്യൻ, കൊട്ടിയൂർ Ist
എമ്മാനുവൽ റ്റി കുര്യൻ, നിലമ്പൂർ IInd
അന്റീർസ അഗസ്റ്റ്യൻ, തോമാട്ടുചാൽ IIIrd

**ജലഛായം**

**സൂപ്പർസീനിയർ**

നിമ്മി ഓതർകുന്നേൽ, ചുങ്കക്കുന്ന് Ist

**സീനിയർ**

സെലസ്റ്റിൻ മനയ്ക്കപറമ്പിൽ, ചുങ്കക്കുന്ന് Ist

**ജൂനിയർ**

ഫെബിൻ ആരിശ്ശേരിൽ, കത്തീഡ്രൽ Ist
അൽ സെബാസ്റ്റ്യൻ, കൊട്ടിയൂർ IInd

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

## കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ജനുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 76 പേർ പങ്കെടുത്തു. ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 10, 11, 12, 13 എന്നീ തീയതികളിലും, മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 9, 10, 11, 12 എന്നീ തീയതികളിലും മണിമൂളിയിൽ മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 23, 24, 25, 26 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 16 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഫെബ്രുവരി 19.

**മേഖലാ വാർത്തകൾ**

**ദ്വാരക**

ക്രിസ്തുമസിനൊരുക്കമായി അനുദിന സന്ദേശങ്ങളും സുകൃത ജപങ്ങളും സത്പ്രവൃത്തികളും ഉൾപ്പെടുത്തി 1 മുതൽ 24-ാം തിയ്യതി വരെ വീഡിയോ രൂപത്തിൽ ഗ്രൂപ്പുകളിലൂടെ യൂണിറ്റുകൾക്ക് നൽകി. ഡിസംബർ 10-ാം തിയ്യതി മേഖല വാർഷികം, കരോൾ ഗാന മത്സരം എന്നിവ നടത്തി. കരോൾഗാന മത്സരത്തിൽ ചുള്ളിയാന, ദ്വാരക യൂണിറ്റുകൾ യഥാക്രമം 1, 2 എന്നീ സ്ഥാനങ്ങൾ കരസ്ഥമാക്കി. തോണിച്ചാൽ, കൊമ്മയാട് യൂണിറ്റുകൾ 3-ാം സ്ഥാനം കരസ്ഥമാക്കി. മികച്ച യൂണിറ്റുകളായി ദ്വാരക, ചുള്ളിയാന, കാരക്കാമല എന്നീ യൂണിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ടു. മേഖലയിലെ അമ്മമാരിൽ നിന്നും മികച്ച ക്ഷീര കർഷകയെ കണ്ടെത്തി.

**നിലമ്പൂർ**

മരിയൻ ക്വിസ് നടത്തി സമ്മാനങ്ങൾ നൽകി. വാർഷിക റിപ്പോർട്ട് വിലയിരുത്തി ശാഖകൾ സന്ദർശിച്ച് ഏറ്റവും നല്ല ശാഖകളെ കണ്ടെത്തി. രൂപതാ വാർഷികത്തിൽ എല്ലാ യൂണിറ്റുകളിൽ നിന്നും പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ ശാഖയിൽ വെച്ച് നടത്തുന്നു. ഒരു ചിരി ഇരു ചിരി ബംബർ ചിരി ടി.വി പ്രോഗ്രാമിൽ അഭിനയിച്ച നിലമ്പൂർ ശാഖയിലെ ഗ്രേസി പിണക്കാട്ടിനെ

പൊന്നാട അണിയിച്ച് ആദരിച്ചു. വചനം എഴുത്ത് മത്സരത്തിൽ വിജയികളെ കണ്ടെത്തി സമ്മാനങ്ങൾ നൽകി. നോമ്പിന്റെ ഫലം മേഖല ഫണ്ടിലേക്ക് എല്ലാ ശാഖകളും നൽകി.

**തരിയോട്**

മേഖല വാർഷികം, കരോൾ ഗാനമത്സരം എന്നിവ നടത്തി. കരോൾ ഗാനമത്സരത്തിൽ 1st മഞ്ഞൂറ 2nd കുറുമ്പാല, തരിയോട് 3rd പുതുശ്ശേരികടവ് എന്നീ ഇടവകകൾക്ക് ലഭിച്ചു. 2022-23 വർഷത്തെ മാതൃവേദി പ്രവർത്തനത്തിനുള്ള മെമന്റോ നൽകി ശാഖകളെ ആദരിച്ചു. മക്കൾ ഇല്ലാത്ത ദമ്പതികൾക്ക് വേണ്ടി കോട്ടത്തറ ഇടവക ചെയിൻ റോസറിയും പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിന് വേണ്ടി പുതുശ്ശേരികടവ് ഇടവക കരുണകൊന്തയും ചൊല്ലി പ്രാർത്ഥിച്ചു.

**ബത്തേരി**

യൂണിറ്റ് ഭാരവാഹികളുടെ ട്രെയിനിങ് പ്രോഗ്രാം നടത്തി. എല്ലാ യൂണിറ്റിൽ നിന്നും 60 പേർ പങ്കെടുത്തു. വർഷങ്ങളോളം രൂപത ആനിമേറ്റർ ആയിരുന്ന സി. സബീന SABS നെ ആദരിച്ചു. രൂപതാ കരോൾ ഗാന മത്സരത്തിൽ ബത്തേരി മേഖല രണ്ടാം സ്ഥാനം നേടി. ബത്തേരി ഡോൺ ബോസ്കോ കോളേജിൽ വെച്ച് നടത്തിയ കരോൾ ഗാനം മത്സരത്തിൽ ബത്തേരി മേഖല ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. 10001 രൂപ ക്യാഷ് അവാർഡ് ലഭിച്ചു.

**ശാഖാ വാർത്തകൾ**

**പുതുശ്ശേരിക്കടവ്**

2022-23 വർഷത്തിലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സമരിറ്റൻ ഭവനം സന്ദർശിച്ചു. സാമ്പത്തിക സഹായം നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ക്രിസ്തുമസ്സ് കിറ്റ് ഒരു കുടുംബത്തിനു നൽകി. രോഗി സന്ദർശനം നടത്തി.

**മക്കിയാട്**

ജനറൽ ബോഡി കൂടി. ഏലീശ്വാ സംഗമം നടത്തി. രൂപതാ വാർഷികത്തിൽ 6 പേർ പങ്കെടുത്തു. മാനന്തവാടി ഹോസ്പിറ്റൽ സന്ദർശിച്ച് ശുശ്രൂഷ ചെയ്തു. 3500 രൂപ ക്രിസ്തുമസ് സമ്മാനം നല്കി.

**മഞ്ഞൂറ**

ക്രിസ്തുമസ്സ് കിറ്റ് ഒരു പാവപ്പെട്ട കുടുംബത്തിന് നൽകി. മാതാപിതാക്കൾ ഒറ്റയ്ക്കു താമസിക്കുന്ന വീടിന്റെ പരിസരം വൃത്തി

യാക്കി. രോഗി സഹായമായി 1000 രൂപ നൽകി.

**ടൗൺചർച്ച് മാനന്തവാടി**

രൂപതാ വാർഷികത്തിൽ പങ്കെടുത്തു. സമരിറ്റൻ ഭവൻ, SDS Convent എന്നിവ സന്ദർശിച്ച് 5000 രൂപ വീതം സാമ്പത്തിക സഹായം നൽകി. സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിൽ 1000 രൂപ നൽകി. വന്യജീവികളുടെ ഉപദ്രവം മൂലം കർഷകർ നടത്തിയ പ്രതിഷേധ റാലിയിൽ 4 പേർ പങ്കെടുത്തു. മേഖലാ ചാരിറ്റിയിലേക്ക് St. Anns Convent ലേയ്ക്ക് 5 നൈറ്റികൾ വാങ്ങി നൽകി.

**കോട്ടത്തറ**

മേഖലാ കരോൾ ഗാനം മത്സരത്തിൽ പങ്കെടുത്തു. വീടുകളിൽ നിന്ന് ശേഖരിച്ച പിടിയരി പള്ളിയിൽ എത്തിച്ചു. ഉണ്ണീശോയ്ക്ക് ഒരു സമ്മാനം എന്ന വിധത്തിൽ പലവിധ നിത്യ ഉപയോഗ സാധനങ്ങൾ ശേഖരിച്ചു. പുതിയ നിയമം ബൈബിൾ യൂണിറ്റ് തലത്തിൽ എഴുതുവാൻ തീരുമാനിച്ചു.

**പാലാങ്കര**

മേഖല വാർഷികത്തിൽ തിരുവാതിര കളിച്ചു. പള്ളിയിലേക്ക് ധൂപ കുറ്റിയിൽ ഇടാനുള്ള ചിരട്ട കരി ഉണ്ടാക്കി നൽകി. ഭവനങ്ങളിൽ പ്രായമായി കഴിയുന്നവരെ സന്ദർശിച്ച് കേക്ക് നല്കി. പള്ളിയും പരിസരവും വൃത്തിയാക്കി. ദേവാലയം വൃത്തിയാക്കാനുള്ള ചൂലുകൾ ഉണ്ടാക്കി നൽകി.

**ചുള്ളിയാന**

രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മേഖല വാർഷികം, കരോൾ ഗാന മത്സരം എന്നിവയിൽ പങ്കെടുത്തു. കരോൾ ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മേഖലയിൽ നടത്തിയ മികച്ച ക്ഷീര കർഷകയെ കണ്ടെത്തൽ മത്സരത്തിൽ യൂണിറ്റിലെ മാതൃവേദിയംഗം 3-ാം സ്ഥാനം കരസ്ഥമാക്കി.

**യവനാർകുളം**

പള്ളി പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. മാതൃവേദിയുടെ മേഖലാ ചാരിറ്റിയിലേക്ക് രണ്ട് നൈറ്റി നല്കി.

**പാടിച്ചിറ**

ക്രിസ്തുമസ് ആഘോഷം, രോഗി സന്ദർശനം എന്നിവ നടത്തി. രോഗി സഹായം 3500 രൂപ നല്കി. ക്രിസ്തുമസിന് ഒരു കുടുംബത്തിന് കിറ്റ്, വസ്ത്രം എന്നിവ നല്കി.

**പൂക്കോട്ടുംപാടം**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ഭവന സന്ദർശനം, രോഗി സന്ദർശനം,

നവോമി സന്ദർശനം എന്നിവ നടത്തി. രൂപതാ വാർഷികത്തിൽ നൃത്ത ശില്പം അവതരിപ്പിച്ചു. വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രൂപത വാർഷികത്തിൽ 4 പേർ പങ്കെടുത്തു. രൂപത വിഹിതം 500 രൂപ നൽകി. രോഗി സന്ദർശനം നടത്തി. പ്രായാധിക്യത്തിൽ കഴിയുന്നവരെ സന്ദർശിച്ചു. പള്ളി ക്ലീനിങ് നടത്തി.

**അമ്പലവയൽ**

പുതിയ ദേവാലയത്തിന്റെ പണി പൂർത്തീകരണത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രൂപത വാർഷികത്തിൽ പങ്കെടുത്തു. 105 പേര് കൂടി പുതിയ അംഗത്വം സ്വീകരിച്ചു. മേഖലയുടെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികൾക്ക് വേണ്ടി നടത്തിയ ട്രെയിനിങ് പ്രോഗ്രാമിൽ 10 ഭാരവാഹികൾ പങ്കെടുത്തു.

**കയ്യൂന്നി**

എല്ലാ ഭവനങ്ങളിലും ഉണ്ണി കൊന്ത, ക്രിസ്തുമസ് ഫ്രണ്ട്, നക്ഷത്ര മത്സരം, കരോൾ ഗാന മത്സരം, നക്ഷത്രരാവ് എന്നിവ ക്രമീകരിച്ചു. അമലോത്ഭവ തിരുനാൾ, വി.യോഹന്നാൾ ശ്ലീഹായുടെ തിരുനാൾ, കുഞ്ഞിപൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. ഒരു സാധു കുടുംബത്തിന് ഭക്ഷണം, വസ്ത്രം എന്നിവ നൽകി.

**പനംചിറ**

സുകൃതജപങ്ങൾ ചൊല്ലി പിറവിതിരുനാളിന് ഒരുങ്ങി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ക്രിസ്തുമസിന് പാവപ്പെട്ടവർക്ക് ഭക്ഷണം നൽകി. രോഗികൾക്കു വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**അസംപ്ഷൻ**

25 നോമ്പ് ആചരിച്ചു. കിസ്തുമസിനോടനുബന്ധിച്ച് സ്നേഹ കൂട്ടം എന്ന പേരിൽ കിറ്റ് വിതരണം നടത്തി. പള്ളി വൃത്തിയാക്കി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനത്തിൽ അഞ്ച് വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ച് സമ്മാനം നൽകി.

**വടപുറം**

നോമ്പിന്റെ വിഹിതം ശാഖയ്ക്കും മേഖലയ്ക്കും സംഭാവന നല്കി. അമ്മമാരിൽ നിന്നും ശേഖരിച്ച പുതിയ വസ്ത്രങ്ങൾ മഞ്ചേരി ഷാലോം മാതാ അഗതിമന്ദരത്തിൽ നല്കി. മേഖലാ തലത്തിലുള്ള കരോൾ ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. മേഖലാ തല വചനം എഴുത്തു മത്സരത്തിൽ 5 പേർ പങ്കെടുത്തു.

രൂപത വാർഷികത്തിൽ പങ്കെടുത്തു.

**ബോസ്പര**

25 നോമ്പ് ആചരിച്ചു. യൂണിറ്റ് അടിസ്ഥാനത്തിൽ വീടുകളിൽ പ്രാർത്ഥനാ കൂട്ടായ്മയും കലാപരിപാടികളും സ്നേഹവിരുന്നും നടത്തി.

**കുഞ്ഞോം**

അമലോൽഭവ തിരുന്നാൾ ആചരിച്ചു. സാന്ത മോനിക്ക മധ്യസ്ഥ പ്രാർത്ഥന, വചനം പറയുക എന്നിവയിൽ പങ്കുചേർന്നു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി . എ ഗ്രേഡോട് കൂടി ബെസ്റ്റ് ശാഖയായി തെരഞ്ഞെടുക്കപ്പെട്ടു.

**കുറുമ്പാല**

മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ഒരു നിർധന കുടുംബത്തിലെ 2 കുട്ടികൾക്ക് 1900 രൂപയുടെ വസ്ത്രം നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ക്രിസ്തുമസിനോടനുബന്ധിച്ച് 4 സാധു കുടുംബങ്ങൾക്ക് 3675 രൂപയുടെ ഭക്ഷണ കിറ്റ് നൽകി. രോഗി സന്ദർശനം, അംഗൻവാടി സന്ദർശനം എന്നിവ നടത്തി.

**തോമാട്ടുചാൽ**

25 നോമ്പ് ആചരിച്ചു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. രൂപതാ വാർഷികം, മേഖല വാർഷികം എന്നിവയിൽ പങ്കെടുത്തു. അമലോത്ഭവ തിരുനാൾ, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ എന്നിവ ആദരിച്ചു.

**കരിമാനി**

ചേലൂർ കരുണാ ഭവൻ അഗതിമന്ദിരം സന്ദർശിച്ച്, നോമ്പിലെ ഉപവാസത്തിന്റെ തുകയായ 4500 രൂപ നൽകി. അക്രൈസ്തവ സഹോദരിയുടെ ഭവന നിർമ്മാണത്തിന് സഹായിച്ചു. ഇടവക തിരുനാൾ പ്രദക്ഷിണത്തിന് മുത്തുക്കുട എടുത്തു. നേർച്ച ഭക്ഷണം ഉണ്ടാക്കുന്നതിനായി സഹായിച്ചു. പ്രോ-ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി കരുണകൊന്ത ചൊല്ലി.

**കബനിഗിരി**

25 നോമ്പ് ആചരിച്ചു. അമലോത്ഭവ മാതാവിന്റെ തിരുനാൾ ആചരിച്ചു. രൂപത വാർഷികത്തിൽ പങ്കെടുത്തു. രോഗീസഹായം നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**സീതാമൗണ്ട്**

25 നോമ്പ് ആചരിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സമിതി നടത്തിയ അതി

ജീവന യാത്രയ്ക്ക് പുൽപ്പള്ളിയിൽ നൽകിയ സ്വീകരണത്തിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ പങ്കെടുത്തു. എമ്മാവൂസ് വില്ലയിൽ സന്ദർശനം നടത്തി.

**മരകാവ്**

25 നോമ്പ് ആചരിച്ചു. മേഖല എക്സിക്യൂട്ടീവ്, രൂപത വാർഷികം എന്നിവയിൽ പങ്കെടുത്തു. ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ചൊവ്വാഴ്ചകളിൽ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിച്ചു.

**മരക്കടവ്**

സമ്പൂർണ ബൈബിൾ പാരായണം നടത്തി. രണ്ട് കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. വിയാനി, സെമിത്തേരി എന്നിവ സന്ദർശിച്ചു. വിവിധ നിയോഗങ്ങൾക്കായി ഉപവാസ പ്രാർത്ഥന നടത്തി. സെമിനാർ നടത്തി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഇടവകയിലെ നിർധനരായ 10 കുടുംബങ്ങൾക്ക് 1000 രൂപയുടെ 10 ക്രിസ്തുമസ് കിറ്റുകൾ നല്കി. സോപ്പ് നിർമ്മാണ പരിശീലന ക്ലാസ്സ്, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തി. വൃദ്ധ ദമ്പതികളുടെ ഭവനം സന്ദർശിച്ചു.

**കേണിച്ചിറ**

തൊടുവെട്ടിക്ക് അടുത്ത് മാനസിക ശാരിരിക വെല്ലുവിളികൾ നേരിടുന്ന തപോവനം സന്ദർശിച്ച് തണുപ്പിനാവശ്യമായ വസ്ത്രങ്ങൾ നല്കി. സൺഡേ സ്കൂൾ കുട്ടികളുടെ പ്രോഗ്രാം അവതരിപ്പിച്ചു.

**മണിമൂളി**

മേഖല വാർഷികം, കരോൾഗാന മത്സരം എന്നിവയിൽ 20 പേർ പങ്കെടുത്തു. ലോഗോസ് ക്വിസ്സിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചതിനുള്ള ട്രോഫി കരസ്ഥമാക്കി. ക്രിസ്തുമസിന് അഞ്ചു കുടുംബങ്ങൾക്ക് 1000 രൂപയുടെ കിറ്റ് വിതരണം ചെയ്തു. ഫണ്ട് ശേഖരണാർത്ഥം കൂപ്പൺ വിതരണം നടത്തി. ക്രിസ്തുമസ് ദിനത്തിൽ നറുക്കെടുപ്പ് നടത്തി. സാമ്പത്തിക ബുദ്ധിമുട്ടുള്ള 8 കുടുബങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകി.

**വാളേരി**

പള്ളിയും പരിസരവും വൃത്തിയാക്കി. പ്രായമായ മാതാപിതാക്കന്മാരെ സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. സുകൃതജപം കൊണ്ട് പുൽക്കൂട്

നിർമ്മിച്ചു.സാന്താ മോനിക്കാ, വചന കവചം, ചെയിൻ റോസറി എന്നിവ നടത്തി. എക്സിക്യൂട്ടീവ് യോഗം കൂടി.

**ദ്വാരക**

മികച്ച പ്രവർത്തനങ്ങൾക്ക് മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ സന്ദർശിച്ചു. 'അമ്മയ്ക്കൊരു സ്നേഹഗീതം' എന്ന കൈയെഴുത്ത് മാസിക പ്രകാശനം ചെയ്തു. ആദിവാസി കോളനിയിൽ ക്രിസ്തുമസ് ആഘോഷം നടത്തി. കിടപ്പു രോഗികളെ സന്ദർശിച്ചു. ഉദ്യാന പരിപാലന മത്സരം നടത്തി.

**അപ്പപ്പാറ**

രോഗി സന്ദർശനം നടത്തി ഭക്ഷണക്കിറ്റ് നല്കി. സുകൃത ജപം ചൊല്ലി പ്രാർത്ഥിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കുമായി വചന ട്രീ മത്സരം നടത്തി. സമ്മാനം നല്കി.

**ഇരുളം**

രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം സമ്മാനക്കൂപ്പൺ, ക്രിസ്തുമസിനോടനുബന്ധിച്ച് കേക്കുകൾ എന്നിവ വിറ്റു. ഏലീശ്വാ സംഗമം നടത്തി. ക്രിസ്തുമസിന് രണ്ടു നിർധന കുടുംബത്തിന് കേക്കുകൾ നൽകി.മേഖല മീറ്റിങ്ങിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി

**വാകേരി**

ബത്തേരിയിലുള്ള തൃപാദം - അഗതി മന്ദിരത്തിൽ വീടുകളിൽ നിന്ന് തയ്യാറാക്കി കൊണ്ടുവന്ന ചോറും കറികളും നല്കി. ക്യാൻസർ രോഗികൾക്കായി കേശദാനം നല്കി. ബസ് സ്റ്റാന്റ്, ഹോസ്പിറ്റൽ, വഴി ഓരങ്ങൾ, തുടങ്ങിയ സ്ഥലങ്ങളിൽ വിശന്നിരുന്ന 110 പേർക്ക് പൊതിച്ചോറ് നല്കി . ആക്രി രണ്ടാം ഘട്ട ശേഖരണവും വില്പനയും നടന്നു.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ നടത്തി. ഗവൺമെൻറ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു, സാമ്പത്തിക സഹായം നൽകി. വസ്ത്രങ്ങൾ ശേഖരിച്ച് കോളനിയിൽ നൽകി. 3 കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി. മേഖലയിലെ ബെസ്റ്റ് ശാഖയായി തെരഞ്ഞെടുക്കപ്പെട്ടു.

**നടവയൽ**

മേഖലാ ജനറൽ ബോഡി, രൂപത ജനറൽ ബോഡിയിൽ

എന്നിവയിൽ പങ്കെടുത്തു. ക്രിസ്തുമസിന് നോമ്പ് നോക്കി ദശാംശ മായി കിട്ടിയ തുക സമാഹരിച്ച് 6000 രൂപയുടെ ഭക്ഷണ കിറ്റ് 7 കുടുംബങ്ങൾക്ക് നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖലാ കരോൾ ഗാനം മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 5000 രൂപയും വൈദിക സഹായമായി 13000 രൂപയും നൽകി.

**കാരയ്ക്കാമല**

അമലോത്ഭവ തിരുനാൾ ആചരിച്ചു. കിടപ്പു രോഗികളെ സന്ദർശിച്ചു.പച്ചക്കറി വിളവെടുപ്പ് നടത്തി.

**പ്രശാന്തിഗിരി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രൂപത വാർഷികത്തിൽ പങ്കെടുത്തു. ബൈബിൾ വായനയിൽ പങ്കെടുത്തു. മേഖലാ ചാരിറ്റിയിൽ നൈറ്റികൾ സംഭാവന ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ഞായറാഴ്ച കാഴ്ചസമർപ്പണം നടത്തി.

**കരിമ്പിൽ**

കരോൾ ഗാന വീഡിയോ തയ്യാറാക്കി മേഖലയ്ക്ക് നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. സെമിനാർ, ജനറൽബോഡി എന്നിവ നടത്തി. 25 നോമ്പിൽ വചന വീഥിയിൽ എന്ന പേരിൽ വചന സന്ദേശം വീഡിയോ ആയി ഗ്രൂപ്പിൽ നല്കി. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**നിലമ്പൂർ**

25 നോമ്പ് ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.മേഖല കരോൾ ഗാനം മത്സരം, രൂപതാ വാർഷികം എന്നിവയിൽ പങ്കെടുത്തു. തൂവൂർ അഗതിമന്ദിരം സന്ദർശിച്ചു. 6700 രൂപയ്ക്കു കേക്ക്, മധുരപലഹാരങ്ങൾ എന്നിവ നൽകി. 5000 രൂപ സാമ്പത്തിക സഹായം നൽകി.

**പുതിയിടംകുന്ന്**

സമരിറ്റൻ ഭവൻ സന്ദർശിച്ചു. കോളനികളിൽ കേക്ക് വിതരണം ചെയ്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം, ഏലീശ്വ സന്ദർശനം എന്നിവ നടത്തി. രോഗീ സഹായം നൽകി. ഒരു കുടുംബത്തിന് ഭക്ഷണ കിറ്റ് നൽകി.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ജനുവരി 5 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

ജനുവരി 6ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അന്ന FCC, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂഷക്കും, ബ്രദർ ജോസ് മാളോല സ്തുതി ആരാധനക്കും, ബഹു. സിസ്റ്റർ ആൻസി, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

ജനുവരി 13 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണി വരെ സ്പിരിചൽ ഷെയറിംഗ് നടത്തി. ജനുവരി 26 വെള്ളിയാഴ്ച്ച വൈകുന്നേരം 6.30 മുതൽ രാവിലെ 01 മണി വരെ ജാഗരണ പ്രാർത്ഥന നടത്തി. സിയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും 10.15 ന് കുരിശിന്റെ വഴിയും, 11 മണിക്ക് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടക്കുന്നു. മീഡിയ കമ്മീഷൻ, സിയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

**ഫെബ്രുവരി മാസത്തെ ധ്യാനം**

15 വ്യാഴം 04 മണി മുതൽ 18 ഞായർ 01 മണി വരെ

For Booking: 8281132195, 9544606936

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ, സീയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും ദൈവകൃപയാൽ സുഖമെന്നു കരുതുന്നു. ഒരു വലിയ നോമ്പിലേക്കുകൂടി നാം കടന്നു ചെല്ലുകയാണ്.നമ്മുടെയൊക്കെ ജീവിതത്തിൽ നാം നിരവധി തവണ നോമ്പ് ആചരിച്ചിട്ടുണ്ട്.ഈ നോമ്പാചരണങ്ങൾ നമ്മുടെ ജീവിതത്തിൽ എന്തു പരിവർത്തനമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് നാം ആത്മശോധന ചെയ്തിട്ടുണ്ടോ. നമ്മുടെ രക്ഷക്കായി ഭൂമിയിൽ അവതരിച്ച ദൈവപുത്രന്റെ പീഡാസഹനവും, കുരിശുമരണവും ഉത്ഥാനവും ഇക്കാലയളവിൽ നാം പ്രത്യേകം അനുസ്മരിക്കുന്നു. ഇതിന്റെ യഥാർത്ഥ അന്തഃസത്ത ഉൾക്കൊള്ളുവാൻ നമുക്ക് സാധിക്കണം. യേശുവിന്റെ ഉയിർത്തെഴുന്നേല്പ് നമ്മുടെ പുനരുദ്ധാനത്തിന്റെ അടിസ്ഥാനമാണ്. എനിക്ക് ജീവിതം ക്രിസ്തുവും, മരണം നേട്ടവുമാകുന്നു (ഫിലി.1.20). ഓരോ വിൻസെൻഷ്യന്റെയും ജീവിതം മറ്റൊരു ക്രിസ്തുവായി വളരുവാനുള്ളതാണ്. നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത് (ഹെബ്രാ.13.16). നാം മറ്റുള്ളവർക്ക് പങ്കുവയ്ക്കുമ്പോൾ അത് ഭൗതീകതലത്തിൽ മാത്രമായി ഒതുങ്ങരുത്. അപരന്റെ വേദനകളിൽ അവനോടൊപ്പം ചേർന്നു നില്ക്കുമ്പോൾ അത് ആത്മീയതലത്തിലേക്കുമാകുന്നു. ഓരോ വിൻസെൻഷ്യനും സമ്പത്തും സന്തോഷവും പങ്കുവയ്ക്കുന്നവരാകണം.

**ഏര്യാതല സംഗമങ്ങൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തോണിച്ചാൽ എ.സി.സംഗമം ദ്വാരക പള്ളി ഹാളിൽ ചേർന്നു. എ.സി.ആത്മീയ ഉപദേഷ്ടാവ് റവ. ഫാദർ മാത്യു മൂത്തേടത്ത് ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്രദർ രാജു അധ്യക്ഷത വഹിച്ചു. സി.സി.പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം മുഖ്യപ്രഭാഷണം നടത്തുകയും പുതിയ അംഗങ്ങൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. സി.സി. സഹരക്ഷാധികാരി ബ്രദർ തങ്കച്ചൻ മേപ്പാടത്ത് സംഘടന പ്രവർത്തനങ്ങൾ വിശദീകരിച്ചു.

കുറുമ്പാല എ.സി.സംഗമം പുതുശ്ശേരി കടവ് പള്ളി ഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്രദർ രാജു വലിയാറ അധ്യക്ഷം വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. ബ്രദർ അബ്രഹാം ക്ലാസ് നയിച്ചു. ബ്രദർ മാത്യു, ബ്രദർ ഷാജൻ തലച്ചിറ, റോസമ്മ അയ്യംകുഴയ്ക്കൽ, ബ്രദർ പൈലി, എ.സി. സെക്രട്ടറി ബ്രദർ ബിനി ചെറുമണ്ടൂർ തുടങ്ങിയവർ പ്രസംഗിച്ചു. സ്നേഹവിരുന്നോടെ സംഗമം സമാപിച്ചു.

**ഓസാനംഭവൻ**

നമ്മുടെ ഓസാനംഭവന്റെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ ഭംഗിയായി മുന്നോട്ടു പോകുന്നു. ശുശ്രൂഷകൾക്കായി മറ്റുള്ള നിരവധി സഹോദരർ വരുന്നുണ്ടെങ്കിലും വിൻസെൻഷ്യൻ സഹോദരരുടെ ഓസാനംഭവൻ സന്ദർശനങ്ങൾ വളരെ കുറവാണ്. എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും ഇക്കാര്യത്തിൽ അല്പംകൂടി ശുഷ്കാന്തി കാണിക്കുമല്ലൊ.

**ഫാദർ ജോജോ കുടക്കച്ചിറ**
(സി.സി. ആധ്യാത്മിക ഉപദേഷ്ടാവ്)
**ബ്രദർ ബാബു നമ്പൂടാകം**
(സി.സി. പ്രസിഡന്റ്)

### സഹജീവികളോടുള്ള കാരുണ്യം സാമൂഹ്യ പ്രവർത്തനത്തിന്റെ അടിസ്ഥാനം: മാർ ജോസ് പൊരുന്നേടം

ദൈവം മനുഷ്യകുലത്തിന് ഭരമേല്പിച്ച ഏറ്റവും വലിയ ഉത്തരവാദിത്വമാണ് സഹജീവികളോട് കാരുണ്യം കാണിക്കണമെന്നത് എന്നും എല്ലാ തരത്തിലുമുള്ള സാമൂഹ്യ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം ഇതാണെന്നും മാനന്തവാടി രൂപതയുടെ ഇടയൻ മാർ ജോസ് പൊരുന്നേടം അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നവീകരിച്ച വൈദീക മന്ദിരമായ വികാസ് കേന്ദ്രയുടെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിരാലംബർക്ക് ആശ്രയമായി ജീവിതം മാറ്റാനും ദൈവഹിതം കാംക്ഷിച്ച് സഹജീവികളോട് കാരുണ്യം ചെയ്യാനും സാമൂഹ്യ പ്രവർത്തകർ തയ്യാറാകണമെന്നും സ്നേഹമാണ് പ്രപഞ്ചത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം, സ്നേഹത്തിന്റെ പ്രതിഫലനം കരുണയും കാരുണ്യവുമാണെന്നും സമൂഹത്തിൽ അവശത അനുഭവിക്കുന്നവരോട് മനസ്സറിഞ്ഞ് കാരുണ്യം കാണിക്കാനും പ്രകടിപ്പിക്കാനും കഴിയുന്ന ഒരു അവസ്ഥയാണ് യഥാർത്ഥ സ്നേഹത്തിന്റെ പ്രതിഫലനം എന്നും എല്ലാ യുദ്ധങ്ങളും ഉണ്ടാകുന്നത് സ്നേഹവും കാരുണ്യവും അസ്തമിക്കുന്നിടത്താണെന്നും യുദ്ധങ്ങൾ എല്ലാം കച്ചവട താത്പര്യങ്ങൾ മാത്രം മുൻനിർത്തി ആണ് ഉണ്ടാകുന്നതെന്നും സ്നേഹവും കാരുണ്യവും നിലനിർത്താനും അത് സജീവമാക്കുകയും ചെയ്യുന്ന ഒരു ലോകക്രമത്തിന് വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാമെന്നും പിതാവ് ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ബയോവിൻ അഗ്രോ റിസേർച്ച് മാനേജിങ് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ, റവ. ഫാ. അഖിൽ കുന്നത്ത്, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, സിസ്റ്റർ അനിലിറ്റ്, ജിസ് ബേബി എന്നിവർ വെഞ്ചിരിപ്പ് കർമ്മത്തിന് നേതൃത്വം നൽകി.

**നാൽപ്പത് കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് കൈത്താങ്ങായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരും സ്വന്തമായി ഭവനം ഇല്ലാത്തവരുമായ 40 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് 02 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതിക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടക്കം കുറിച്ചു. കഴിഞ്ഞ നാല് പതിറ്റാണ്ടോളമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക - സാമ്പത്തിക സഹായം നൽകി വരുന്ന സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ എന്ന ഏജൻസിയാണ് അവരുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 80 ലക്ഷം രൂപ 40 ഭവനങ്ങൾ നിർമ്മിക്കുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നൽകുന്നത്. വിധവകൾ, മാരകമായ രോഗം ബാധിച്ചവർ, അംഗ പരിമിതി ഉള്ളവർ തുടങ്ങിയവർക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ആദ്യ ഘട്ടം പൂർത്തിയായി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് അംഗീകാരം നൽകുന്നതിന് സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ പ്രോഗ്രാം മാനേജർ 03 ദിവസങ്ങളിലായി ഫീൽഡ് തല പരിശോധന നടത്തി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, കോ-ഓർഡിനേറ്റർമാരായ സിസ്റ്റർ അനിലിറ്റ്, ദീപു ജോസഫ് എന്നിവർ ഫീൽഡ് തല പരിശോധനക്ക് നേതൃത്വം നൽകി. അടുത്ത 06 മാസം കൊണ്ട് മുഴുവൻ ഭവനങ്ങളും പൂർത്തിയാക്കുവാനാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യമിടുന്നത്.

**ഷോർട് ഫിലിം നിർമ്മാണ മത്സരം**

കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി അഥവാ ജലനിധി വയനാട് ജില്ലയിലെ ജലശ്രീ ക്ലബുകൾക്ക് വേണ്ടി നടത്തിയ ഷോർട് ഫിലിം നിർമ്മാണത്തിൽ വിജയികൾ ആയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. മാനന്തവാടി ന്യൂമാൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സംസ്ഥാന റവന്യൂ -ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ സമ്മാന വിതരണം നടത്തി. വിദ്യാർത്ഥികളിൽ ജലസാക്ഷരത ഉറപ്പു വരുത്തുക, ജലസംര

ക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ സജീവമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ സ്കൂളുകളിൽ ജലശ്രീ ക്ലബുകൾ രൂപീകരിച്ചിരിക്കുന്നത്. കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി അഥവാ ജലനിധി ആണ് സംസ്ഥാനത്ത് ജലശ്രീ ക്ലബുകൾ രൂപീകരിക്കുന്നതിന് നേതൃത്വം കൊടുക്കുന്നത്. വയനാട് ജില്ലയിൽ ഇത്തരം 216 ജലശ്രീ ക്ലബുകൾ ആണ് ഉള്ളത്. ഈ ജലശ്രീ ക്ലബുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി ജില്ലാ അടിസ്ഥാനത്തിൽ ജലവുമായി ബന്ധപ്പെട്ട് ഒരു ഷോർട്ട് ഫിലിം മത്സരം നടത്തുകയുണ്ടായി.വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെയാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി ജലനിധി  നിയോഗിച്ചത്. 10 സ്കൂളുകൾ ആണ് ഈ മത്സരത്തിൽ പങ്കെടുത്തത്. ഷോർട്ട്ഫിലിമിന്റെ വിധികർത്താക്കളായി കണ്ടെത്തിയത് സംസ്ഥാനത്ത് തന്നെ അറിയപ്പെടുന്ന സുധീർ പരമേശ്വരൻ, കണ്ണൻ നായർ, വിജു വർമ്മ എന്നീ പ്രഗത്ഭ വ്യക്തിത്വങ്ങളെയാണ്. മത്സരത്തിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കോളേരി, സി.എം ഹയർ സെക്കണ്ടറി സ്കൂൾ അരപ്പറ്റ, ഗവൺമെന്റ് ഹൈസ്കൂൾ റിപ്പൺ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് യഥാക്രമം പതിനായിരം, ഏഴായിരം, മൂവായിരം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകി. മാനന്തവാടി നിയോജക മണ്ഡലം എം. എൽ. എ. ഒ ആർ കേളു അദ്ധ്യക്ഷത വഹിച്ചു. ക്യാഷ് അവാർഡ് വിതരണം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജസ്റ്റിൻ ബേബി നടത്തി. മത്സരത്തിലെ വിജയികളെ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി അഥവാ ജലനിധി റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർ ശ്രീ അബ്ദുൾ ജലീൽ പ്രഖ്യാപിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ സി.പി.ഐ ജില്ലാ സെക്രട്ടറി ഇ.ജെ ബാബു, മാനന്തവാടി പ്രസ് ക്ലബ് പ്രസിഡണ്ട് ശ്രീ. അരുൺ വിൻസെന്റ്, ശ്രേയസ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ഡേവിഡ് ആലിങ്കൽ, റവ. ഫാ. ബിജോ കറുകപ്പള്ളി, ജീവൻ ജ്യോതി എക്സിക്യൂട്ടീവ് ഡയറക്ടർ പി. എം പത്രോസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു.

**പങ്കാളിത്ത ശില്പശാല സംഘടിപ്പിച്ചു.**

സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടു വരിക എന്ന പദ്ധതിയുടെ ഭാഗമായി ഒരു പങ്കാളിത്ത ശിൽപ്പശാല വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ചു. യു.എൻ വിമൻ ബിന്ദി ഇന്റർനാഷണൽ എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് ശില്പ്പശാല നടത്തിയത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ശില്പ്പശാല നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജിഷ വി. ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ അർച്ചന ആനന്ദ് ഈ പ്രൊജക്റ്റിന്റെ ഭാഗമായി തയ്യാറാക്കിയ തീം ഗാനം പ്രകാശനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ പദ്ധതി വിശദീകരണം നടത്തി. കൃഷി ഓഫീസർ അനു ജോർജ്ജ്, കേരള ലേബർ മൂവ്മെന്റ് രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, എന്നിവർ ആശംസകൾ അർപ്പിച്ചു. ഇതോടൊന്നിച്ചു സ്ത്രീകൾക്കായി നബാർഡ് നടപ്പിലാക്കുന്ന വിവിധ വികസനപദ്ധതികളെ കുറിച്ച് നബാർഡ് അസിസ്റ്റന്റ് മാനേജർ ജിഷ വി, വ്യവസായ വകുപ്പ് സ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വെച്ച് നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളെ കുറിച്ച് ജില്ലാ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ അർച്ചന ആനന്ദ്, സ്വാശ്രയ സംഘങ്ങൾ, തുല്യ ബാധ്യത സംഘങ്ങൾ എന്നിവയുടെ രൂപീകരണം, പ്രവർത്തന രീതി എന്നീ വിഷയത്തെ അടിസ്ഥാനമാക്കി മാനന്തവാടി ധനലക്ഷ്മി ബാങ്ക് മാനേജർ ഷിബി വർഗീസ്, സുഗന്ധ വ്യഞ്ജന തോട്ടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിൽ മാസ്റ്റർ ട്രെയിനർ ബിജു കെ. ജെ എന്നിവർ ക്ലാസുകൾ എടുത്തു. കൂടാതെ അനീമിയ എന്ന രോഗത്തെ കുറിച്ചും അതിനെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങളെ കുറിച്ചും വീഡിയോ പ്രദർശനവും നടത്തി. പരിപാടിക്ക് പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ റോബിൻ ജോസഫ്, പ്രൊജക്റ്റ് ടീം അംഗങ്ങളായ ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**ആശാകിരണം വസ്ത്രബാങ്കിലേക്ക് വസ്ത്രങ്ങൾ സമാഹരിച്ചു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചു നടപ്പിലാക്കി വരുന്ന ആശാകിരണം വസ്ത്രബാങ്ക് പദ്ധതിയുടെ ഭാഗമായി മരക്കടവ് സോഷ്യൽ വെൽ ഫയർ സൊസൈറ്റിയിൽ നിന്നും വസ്ത്രങ്ങൾ സമാഹരിച്ചു. മര ക്കടവ് സെന്റ് ജോസഫ് ദേവാലയ പരിസരത്ത് നടന്ന ചടങ്ങിൽ ഇടവക വികാരി റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ നിന്നും റീജിയ ണൽ കോ-ഓർഡിനേറ്റർ റ്റുബിൻ ജിപ്സൺ വസ്ത്രങ്ങൾ ഏറ്റു വാങ്ങി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ അദ്ധ്യക്ഷത വഹിച്ചു. മരക്കടവിൽ നടന്ന പരിപാടിക്ക് മദർ സുപ്പീരിയർ സിസ്റ്റർ ജോസ്ലിൻ, റീജിയണൽ കോ-ഓർഡിനേറ്റർ ഷീന ആന്റണി, ജോളി ജോർജ്ജ് മേഴ്സി തങ്കച്ചൻ, വത്സ നരുവേലി എന്നിവർ നേതൃത്വം നൽകി.

**സജീവം പദ്ധതിയുടെ ഭാഗമായി ബോധവത്ക്കരണ പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സജീവം പദ്ധതിയുടെ ഭാഗമായി ചെറുകാട്ടൂർ സോഷ്യൽ വെൽഫ യർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പരിപാടി നടത്തി. ആധുനിക സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വൻ വിപത്തിനെതിരെ ജനകീയ മുന്നേറ്റവും ബോധ വത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്ന ഒരു പദ്ധതിയാണ് ഇത്. കേരളത്തിലെ എല്ലാ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി കളും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരള സോഷ്യൽ സർവ്വീസ് ഫോറം ആണ് സംസ്ഥാനത്ത് സജീവം പദ്ധതിക്ക് നേതൃത്വം നൽകുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രധാന മായും സ്കൂളുകൾ, കോളേജുകൾ, സോഷ്യൽ വെൽഫയർ സൊസൈ റ്റികൾ, സ്വാശ്രയ സംഘങ്ങൾ, ആദിവാസി കോളനികൾ എന്നിവ കേന്ദ്രീകരിച്ചാണ് സജീവം പദ്ധതി നടപ്പിലാക്കിവരുന്നത്. ചെറു കാട്ടൂർ സോഷ്യൽ വെൽഫയർ സൊസൈറ്റിയിൽ നടന്ന ലഹരി ക്കെതിരെയുള്ള ബോധവത്ക്കരണ പരിപാടി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് കപ്യാരുമലയിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് കുര്യക്കോസ് മുള്ളൻമടക്കൽ അദ്ധ്യക്ഷത വഹിച്ചു. WSSS റീജിയണൽ കോഡിനേറ്റർ ബിൻസി വർഗ്ഗീസ് ലഹരി ഉപയോ

ഗത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് ക്ലാസ് എടുത്തു. 32 സ്വാശ്രയ സംഘാംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു. ആന്റണി വെള്ളാങ്കുഴി, മേരി മഠത്തിൽ, ജാൻസി ഷെപ്പേർഡ് എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**സോഷ്യൽ വെൽഫയർ സൊസൈറ്റി മാസ മീറ്റിംഗുകൾ**

അമരക്കുനി, ആടിക്കൊല്ലി, പാടിച്ചിറ, ശശിമല, പട്ടാണിക്കൂപ്പ്, സീതാമൗണ്ട്, കമ്മന, ഒഴുക്കന്മൂല, തൃശ്ശിലേരി, തലപ്പുഴ, കാരയ്ക്കാമല, പാൽചുരം, അമ്പായത്തോട്, കൊട്ടിയൂർ, ചുങ്കക്കുന്ന്, വെള്ളൂന്നി, എലപ്പീടിക, ചെറുകാട്ടൂർ, കണിയാരം, തവിഞ്ഞാൽ, ആലാറ്റിൽ, കല്ലോടി, മൊതക്കര, പോരൂർ, യവനാർകുളം, കരിമ്പിൽ എന്നീ യൂണിറ്റുകളിൽ മാസ മീറ്റിംഗുകൾ നടത്തി.

**സ്വാശ്രയ സംഘ രൂപീകരണം**

ചുണ്ടക്കൊല്ലി, പുൽപ്പള്ളി, പടിഞ്ഞാറത്തറ, വാരാമ്പറ്റ, കുപ്പാടിത്തറ, ചുങ്കക്കുന്ന്, കാപ്പാട്ടുമല, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ പുതിയ ഗ്രൂപ്പുകൾ രൂപീകരിച്ചു.

**സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം**

ചുങ്കക്കുന്നിൽ സോപ്പ് ട്രെയിനിംഗ് നടത്തി. കൂടാതെ മരക്കടവ് സെന്റ് ജോസഫ്സ് പള്ളിയിൽ മാതൃവേദിയുമായി സഹകരിച്ച് സോപ്പ് പരിശീലനം നടത്തി.

**ക്രിസ്തുമസ് ആഘോഷം നടത്തി**

കാരയ്ക്കാമല, കുറുമണി, പാടിച്ചിറ, എന്നീ യൂണിറ്റുകളിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തി. പാടിച്ചിറ യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ കേക്ക് മുറിക്കുകയും ചെയ്തു.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**ജീവസ് & കെ.എൽ.എം പ്രവർത്തനങ്ങൾ**

ജീവസ് & കെ.എൽ.എം പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സാഹചര്യമൊരുക്കുന്നതിനും സാമൂഹ്യ സുരക്ഷാ പദ്ധതികളെകുറിച്ച് അറിവുകൾ നൽകുകയും പ്രയോജനപ്പെടുത്താൻ സഹായങ്ങൾ നൽകുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ലേബർ ഡിപ്പാർട്ട്മെന്റിനോട് രൂപതയിലെ എല്ലാ വൈദികരും താത്പര്യപൂർവ്വം സഹകരിക്കുന്നുവെന്നത് ഏറെ സന്തോഷപ്രദമാണ്. ബഹുമാനപ്പെട്ട വൈദികരോടുള്ള കടപ്പാടും നന്ദിയും വിനയത്തോടും സ്നേഹത്തോടും കൂടി അറിയിക്കുന്നു.

**കെ.എൽ.എം ഫെസിലിറ്റേഷൻ സെന്റർ**

കെ.എൽ.എം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചന യോഗം ഡിസംബർ 18 ന് WSSS ഹാളിൽ നടന്നു. WSSS പ്രോഗ്രാം കോഡിനേറ്റർ സ്വാഗതം ആശംസിച്ചു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ പദ്ധതി സംബന്ധമായ വിശദീകരണം നടത്തുകയും ചെയ്തു. ഫാ. ജോർജ്ജ് മൈലാടൂർ, ഫാ. ഗർവ്വാസീസ് മറ്റം, ഫാ. ജോസഫ് പരുവമ്മേൽ, ഫാ. അനൂപ് കൊല്ലംകുന്നേൽ എന്നിവർ ഉൾപ്പെടെ 15 പേർ യോഗത്തിൽ പങ്കെടുത്തു.

**പാരീഷ് കോഡിനേറ്റേർസ് ട്രെയിനിംഗ്**

രൂപതയിലെ മുഴുവൻ ഇടവകകളിലും നിന്നും കോഡിനേറ്റർമാരെ ലഭിച്ചു. ഇവർക്കായി പരിശീലനവും സംഘടിപ്പിച്ചു.

ഡിസംബർ 23 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന പരിശീലനം രൂപതാ സെഞ്ചല്ലൂസ് ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷനായിരുന്നു. റീജിയണൽ പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. പ്രിൻസ് തെക്കേതിൽ സ്വാഗതം പറഞ്ഞു. ജീവസ് – കെ. എൽ.എം രൂപതാ ഡയറക്ടർ പരിശീലനത്തിൽ ക്ലാസ്സുകൾ നയിച്ചു. നിലമ്പൂർ മണിമൂളി ഫൊറോനകളിൽ നിന്നായി 24 കോഡിനേറ്റർമാർ പങ്കെടുത്തു. ബിജു കോട്ടേപറമ്പിൽ നന്ദി പ്രസംഗം നടത്തി. പരിശീ

ലനത്തിന് എല്ലാ സഹായവും ചെയ്തു തന്ന ബഹു. തോമസ് മണക്കുന്നേൽ അച്ചനോടും നിലമ്പൂർ ഫൊറോന വികാരി ബഹു. ജയ്സൺ കുഴികണ്ടത്തിൽ അച്ചനോടുമുള്ള കടപ്പാട് വളരെ വലുതാണ്.

**രണ്ടാം ഘട്ട പരിശീലനം**

രണ്ടാം ഘട്ടത്തിൽ വയനാട്ടിലെയും ചുങ്കക്കുന്ന് ഫൊറോനയിലെയും കോഡിനേറ്റർമാർക്കായി ഡിസംബർ 29ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് പരിശീലനം നൽകി. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പരിശീലനം ഉദ്ഘാടനം ചെയ്തു. രൂപതാ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ആമുഖ പ്രഭാഷണം നടത്തുകയും CBCI ലേബർ കമ്മീഷൻ സെക്രട്ടറിയും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ (WIF) ഡയറക്ടറുമായ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ക്ലാസ് നയിക്കുകയും ചെയ്തു. കെ.എൽ.എം സംസ്ഥാന വൈസ് പ്രസിഡണ്ട് അഡ്വ. തോമസ് മാത്യു. WSSS പ്രോഗ്രാം കോഡിനേറ്റർ പി.എ ജോസ്, കെ.എൽ.എം രൂപതാ പ്രസിഡണ്ട് ബിജു പോൾ എന്നിവർ സംസാരിച്ചു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ പ്രവർത്തനങ്ങൾ വിശദമാക്കുകയും സ്വാഗതമാശംസിക്കുകയും ചെയ്തു. കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ കൃതജ്ഞതയർപ്പിച്ചു. 106 കോഡിനേറ്റർമാർ പങ്കെടുത്തു. ഇവരെ പറഞ്ഞയച്ച എല്ലാ വികാരിയച്ചൻമാർക്കും നന്ദിയറിയിക്കുന്നു. നീലഗിരി റീജിയണിലെ കോഡിനേറ്റർമാർക്കായി പ്രത്യേക പരിശീലനം നടത്തുന്നതാണ്.

**മികച്ച കോഡിനേറ്റർമാർക്ക് അവാർഡ്**

മികച്ച പ്രവർത്തനം നടത്തുന്ന നാല് കോഡിനേറ്റർമാർക്ക് യഥാക്രമം 10000, 5000, 3000, 2000 രൂപ വീതമുള്ള ക്യാഷ് അവാർഡ് താൻ വ്യക്തിപരമായി നൽകുമെന്ന് വികാരി ജനറാൾ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ കോഡിനേറ്റേഴ്സ് മീറ്റിംഗിൽ അറിയിച്ചു. ഇതിനായി എല്ലാ കോഡിനേറ്റേഴ്സും പ്രതിമാസ റിപ്പോർട്ട് നൽകണമെന്നും അച്ചൻ ആവശ്യപ്പെട്ടു. 'സമരിറ്റൻ അവാർഡ്' എന്നാണ് ഇത് അറിയപ്പെടുകയെന്നും ജനറാൾ അച്ചൻ അറിയിച്ചു

**ബോധവല്ക്കരണ വീഡിയോ പ്രകാശനം**

വിവിധങ്ങളായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ പരിചയപ്പെടുത്തുന്ന കരുതൽ എന്ന പന്ത്രണ്ട് എപ്പിസോഡുകളുള്ള ബോധവത്ക്കരണ വീഡിയോയുടെ പ്രകാശനം രൂപതാ മീഡിയാ കമ്മീഷൻ

ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ കോഡിനേറ്റർമാരുടെ പരിശീലന യോഗത്തിൽ വെച്ച് പ്രകാശനം ചെയ്തു. വീഡിയോ തയ്യാറാക്കാൻ നേതൃത്വം നൽകിയ മീഡിയ കമ്മീഷനോടും വിഷയങ്ങൾ അവതരിപ്പിച്ച വിദഗ്ദരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. വീഡിയോകൾ എല്ലാ കുടുംബങ്ങളിലേക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

**ഇടവകാതല സുരക്ഷാ ക്യാമ്പ്, യവനാർകുളം ഇടവക**

എല്ലാവർക്കും പെൻഷൻ, എല്ലാവർക്കും ഇൻഷൂറൻസ് എന്ന ലക്ഷ്യത്തോടെ യവനാർകുളം ഇടവകയിൽ ക്യാമ്പ് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. ജോണി കപ്യാരുമലയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പോസ്റ്റൽ ഇൻഷൂറൻസ് ജില്ലാ മാനേജർ രൂപേഷ്, ഫിനാൻഷ്യൽ ഫെസിലിറ്റേറ്റർ സുനിൽ രാജ് എന്നിവർ ആശംസകൾ അറിയിച്ചു. പാരീഷ് കോഡിനേറ്റർ ജോസ് കിഴക്കേടത്താണ് ക്യാമ്പ് നടത്തുന്നതിനായി എല്ലാ ക്രമീകരണങ്ങളും നടത്തിയത്. ഉദ്ഘാടന യോഗത്തിന് അദ്ദേഹം നന്ദിയർപ്പിച്ച് സംസാരിച്ചു. കെ.എൽ.എം രൂപതാ ഡയറക്ടർ,പ്രസിഡണ്ട്, കോഡിനേറ്റർ, വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ എന്നിവർ ക്യാമ്പിൽ പങ്കെടുത്ത് ക്ഷേമനിധികളിലും ഇൻഷൂറൻസുകളിലും അംഗങ്ങളെ ചേർത്തു. വികാരിയച്ചനെയും കോഡിനേറ്ററേയും പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ഇടവക സെമിനാറുകൾ**

ക്യാമ്പിന് മുന്നോടിയായി വിവിധങ്ങളായ സുരക്ഷാ പദ്ധതികളെ കുറിച്ച് അറിവു നൽകുന്നതിനായി നടത്തുന്ന ഇടവകാതല സെമിനാറുകൾ നടന്നുവരുന്നു. അമ്പലവയൽ ഇടവകാ സെമിനാർ ഫാ. ചാക്കോച്ചൻ മേപ്പുറത്ത്, വാളേരിയിൽ ഫാ.ജോർജ്ജ് പടിഞ്ഞാറയിൽ, കുറുമണിയിൽ ഫാ. ജോസ് ചക്കിട്ടക്കുടി, ഒറ്റപ്ലാവിൽ ഫാ. വിനോദ് പാക്കനിക്കുഴി, കബനിഗിരിയിൽ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, പുതുശ്ശേരിയിൽ ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ, കുറ്റിമൂലയിൽ ഫാ. ജിമ്മി ഓലിക്കൽ എന്നിവർ സെമിനാറുകൾ ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ബിജു പോൾ, ബിജു അരീക്കാട്ട്, ജോൺസൺ ചിറയിൽ, വിനോദ് പാക്കാനിക്കുഴി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഇരുപത് ഇടവകകളിൽ ഇതിനോടകം സെമിനാറുകൾ നടത്തി ക്യാമ്പിനുള്ള ഒരുക്കങ്ങൾ നടത്തി വരുന്നു.

**കർഷകർക്ക് ബോധവത്ക്കരണ സെമിനാർ**

ബയോവിൻ കർഷക ലീഡേഴ്സിനായി നടത്തിയ പരിശീലനത്തിൽ കർഷകർക്കായുള്ള സുരക്ഷാ പദ്ധതികളെക്കുറിച്ച് ക്ലാസ് നൽകി. മുള്ളൻകൊല്ലി, പഴൂർ, തെനേരി, ബത്തേരി, തോമാട്ടുചാൽ, ചിത്രഗിരി, പടിഞ്ഞാറത്തറ, പിണങ്ങോട്, കോട്ടത്തറ, കണിയാമ്പറ്റ, ചീരാൽ എന്നിവിടങ്ങളിൽ നടന്ന സംഗമത്തിൽ ബിജു അരീക്കാട്ട്, മാത്യു തറയിൽ, ജോൺസൺ തൊഴുത്തുങ്കൽ, ബേബി നന്നാട്ട്, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ വിഷയാവതരണം നടത്തി. ഇത്തരം ഒരു അവസരം ഒരുക്കി തന്ന ബയോവിൻ മാനേജിംഗ് ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴ, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ എന്നീ വൈദീകരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

**ക്ഷേമനിധി- ജില്ലാ ട്രേഡ് യൂണിയൻ മീറ്റിംഗ്**

നിർമ്മാണ തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ ജില്ലാതല അവലോകന യോഗത്തിൽ മറ്റ് രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കൾക്കൊപ്പം കെ.എൽ.എം നെ ക്ഷണിക്കുകയും സെബാസ്റ്റ്യൻ പാലംപറമ്പിൽ പങ്കെടുക്കുകയും ചെയ്തു.

**ക്ഷേമനിധി**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകൾ കൽപ്പറ്റ പ്ലാന്റേഷൻ ഓഫീസിൽ സമർപ്പിച്ചു

**ഇൻഷൂറൻസ്**

PMJJBY ഇൻഷൂറൻസിൽ 10 പേരെയും PMSBY ഇൻഷൂറൻസിൽ 68 പേരെയും പോസ്റ്റൽ ഇൻഷൂറൻസ് (IPPB) 81 പേരെയും ചേർത്തു. തയ്യൽ തൊഴിലാളി, നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ പുതിയ രജിസ്ട്രേഷൻ ഫെബ്രുവരി 10 ന് നടക്കും. സ്വാവലംബൻ പദ്ധതിയുടെ 2023-24 സാമ്പത്തിക വർഷത്തിലെ പുതുക്കൽ നടപടി പൂർത്തിയായി.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**NABARD JOINT LIABILITY GROUP FORMATION (JLG)**

**JLG ഗ്രൂപ്പുകളുടെ രൂപീകരണം :** നീലഗിരി ഡെവലപ്മെന്റ് സെസൈറ്റിയുടെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ (JLG) രൂപീകരണവുമായി ബന്ധപ്പെട്ട് ബോസ്പര പ്രദേശത്ത് 3 പുതിയ JLG ഗ്രൂപ്പുകൾ രൂപീകരിക്കുകയും ദേവർഷോല ഇന്ത്യൻ ബാങ്കിൽ നിന്നും ലോണുകൾ നല്കുകയും ചെയ്തു.

**2. NABARD LEDP PROGRAMME**

നബാർഡ് LEDP പ്രോഗ്രാമിന്റെ അഞ്ചാമത്തെ PMIC മീറ്റിംഗ് 15.01.2024 ന് NDS ഓഫീസിൽവെച്ച് നബാർഡ് DDM ശ്രീ. തിരുമലൈ റാവുവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. LDM ശ്രീ. ശശികുമാർ, NDS അസി. ഡയറക്ടർ അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ എന്നിവരും മീറ്റിംഗിൽ പങ്കെടുത്തു. അന്നത്തെ മീറ്റിംഗിൽ Project Completion Report ഉം, പ്രോജക്ടിന്റെ ചിലവുകളും അവതരിപ്പിക്കുകയും, അത് PMIC കമ്മറ്റി അംഗീകരിക്കുകയും ചെയ്തു.

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന LEDP പ്രോഗ്രാമിന്റെ ഭാഗമായി ആടുവളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ നേതൃത്വത്തിൽ വിവിധ ബാങ്കുകളിൽ നിന്നുമായി PMEGP സ്കീമിലൂടെ എടുത്ത 97 ലോണുകളിൽ 5 ലോണുകളുടെ തിരിച്ചടവ് പൂർണ്ണമായും നടത്തുകയും 92 ലോണുകളുടെ മാസ തിരിച്ചടവ് കൃത്യമായി നടത്തിവരികയും ചെയ്യുന്നു.

**3. NABARD WATERSHED DEVELOPMENT PROGRAMME**

09.01.2024 ന് ഗൂഡല്ലൂർ ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ശ്രീ. ശക്തിവേൽ, ശ്രീമതി യമുനാ, ആൻസി എന്നിവരുടെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് കൽപ്ര യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു. NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി, ഫീൽഡ് ഓഫീസർ ജൂഡ്

മാർട്ടിൻ, NDS യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോസഫ് കളപ്പുരയ്ക്കൽ, കോഡിനേറ്റർ ശ്രീമതി ലൂസി ആന്റണി, പഞ്ചായത്ത് യൂണിയൻ വാർഡ് മെമ്പർ ശ്രീമതി ലിസി ഷാജി, വാർഡ് കൗൺസിലർ അനീഷ് ജോസഫ്, കൂടാതെ 25 ഓളം കർഷക പ്രതിനിധികളും പങ്കെടുത്തു. നബാർഡിന്റെ Watershed പ്രോഗ്രാമിനെകുറിച്ചുള്ള വിശദമായ ചർച്ച നടത്തി. തുടർന്ന് Watershed Area സന്ദർശിക്കുകയും, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്ത്, റിപ്പോർട്ട് ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു.

**4. NABARD - OFFD "Home Health Aide" കോഴ്സ് ഇന്റർവ്യൂ**

നബാർഡിന്റെ സഹായത്തോടുകൂടി പുതുവർഷത്തിൽ NDS നടപ്പിലാക്കുവാൻ പോകുന്ന 2 മാസത്തെ പരിശീലന പരിപാടിയായ "Home Health Aide" എന്ന കോഴ്സിന്റെ അപേക്ഷകർക്കുള്ള ഇന്റർവ്യൂ നബാർഡ് DDM ശ്രീ. തിരുമലൈ റാവുവിന്റെ നേതൃത്വത്തിൽ 15.01.2024 ന് NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. അന്നേ ദിവസം ഈ പരിശീലന പരിപാടിയുടെ PMRC (Program Monitoring and Review Committee) രൂപീകരിക്കുകയും ചെയ്തു.

**5. SAVE A FAMILY PROGRAMME - INDIA : HOUSING PROJECT - FIELD VISIT AND DATA COLLECTION**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനിരിക്കുന്ന SAFP-INDIA പ്രോഗ്രാമിന്റെ ഭാഗമായുള്ള ഭവനനിർമ്മാണത്തിനുവേണ്ടി അപേക്ഷ നൽകിയ 8 പേരുടെയും വീടുകളിൽ SAFP-INDIA സ്റ്റാഫ് WSSS ഡയറക്ടർ ജിനോജ് പാലത്തടത്തിലച്ചൻ, സ്റ്റാഫ് ദീപു, NDS പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവരുടെ നേതൃത്വത്തിൽ നേരിട്ട് സന്ദർശനം നടത്തി, വിവരശേഖരണം നടത്തി.

**6. സമൃദ്ധ കുടുംബം പദ്ധതി - Phase II**

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളെയും, വിധവകളായവരുടെ കുടുംബങ്ങളെയും സാമ്പത്തികമായി ഉയർത്തുന്നതിന്റെ ഭാഗമായി മാനന്തവാടി രൂപതയുടെയും, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്കുള്ള 25 അപേക്ഷകൾ യോഗ്യരായവരിൽ നിന്നും സ്വീകരിക്കുകയും അവ

രുടെ ഒരു സംഗമം 23.12.2023 ശനിയാഴ്ച്ച് രാവിലെ 10.00 മണിക്ക് NDS ഓഫീസിൽവെച്ച് നടത്തുകയും ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ അനൂപ് കൊല്ലംകുന്നേൽ, സ്റ്റാഫംഗം സി. സിജി CMC എന്നിവർ സംഗമത്തിന് നേതൃത്വം നല്കി.

## 7. STAFF MEETING

ജനുവരി മാസം 03, 08 തീയതികളിൽ രാവിലെ 9:30ന് NDS ഡയറക്ടർ ബിനോയ് അച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS അസിസ്റ്റൻറ് ഡയറക്ടർ ഫാദർ അനൂപ്, സ്റ്റാഫ് അംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി.സിജി CMC എന്നിവരും മീറ്റിംഗിൽ പങ്കെടുത്തു. ഓരോ ആഴ്ച്ചയിലെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. തുടർന്ന് അതാത് ആഴ്ച്ചകളിൽ നടപ്പിലാക്കേണ്ട വിവിധ കർമ്മപദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

## 8. BSW വിദ്യാർത്ഥികൾക്കുള്ള പരിശീലനം

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പഠിക്കുന്ന രണ്ടാംവർഷ BSW വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പരിശീലന പരിപാടി 12.01.2024 ന് NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. 40-ഓളം കുട്ടികൾ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രൊഫസർ റൂത്ത് എന്നിവർ ഈ പരിശീലന പരിപാടിക്ക് നേതൃത്വം നല്കി.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണന ത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷ കരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡപ്ര കാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷി യിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർ ത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവി ന്നിൽ ചേർന്ന് പ്രവർത്തിവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങ ളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും , ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര – ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**യൂറോപ്യൻ മാനദണ്ഡ പ്രകാരമുള്ള ഓഡിറ്റ് പൂർത്തീകരിച്ചു**

യൂറോപ്യൻ രാജ്യങ്ങളിലേക്ക് ജൈവ ഉത്പന്നങ്ങൾ സംസ്കരണം നടത്തി, കയറ്റുമതി ചെയ്യുന്നതിനാവശ്യമായ യോഗ്യത നേടുന്നതിനുള്ള സാക്ഷ്യ പത്രം പുതുക്കുന്നതിനായുള്ള ഓഡിറ്റ്, സർട്ടിഫിക്കേഷൻ ഏജൻസിയായ ബയോ ആഗ്രിസെർട്ടിൽ നിന്നുള്ള ഓഡിറ്റർ ശ്രീ.അശോക് കുമാർ പൂർത്തീകരിക്കുകയും സാക്ഷ്യപത്രം ലഭ്യമാകുകയും ചെയ്തു.

**സംഭരണം**

ഡിസംബർ മാസം കർഷകരിൽ നിന്നും തേങ്ങ കിലോയ്ക്ക് 30 രൂപ നിരക്കിൽ 25555 കിലോ സംഭരിച്ചു

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**ബയോവിൻ അഗ്രോ റിസേർച്ച് നവീകരിച്ച യൂണിറ്റിന്റെ വെഞ്ചിരിപ്പ് കർമ്മവും ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു**

ഡിസംബർ 23-ാം തീയ്യതി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ നേതൃത്വത്തിൽ ചെയർമാൻ അഡ്വ. ഫാ.ജോൺ

ചൂരപ്പുഴയിൽ, അസോ. ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ എന്നിവർ ബയോവിൻ അഗ്രോ റിസർച്ചിന്റെ നവീകരിച്ച യൂണിറ്റുകളിടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. അന്നേ ദിവസം സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷത്തിൽ ബയോവിൻ കുടുംബത്തിലെ മുഴുവൻ അംഗങ്ങളും പങ്കുചേരുകയും, ഫാക്ടറി തൊഴിലാളികൾക്കായി ഒരുക്കിയ ക്രിസ്തുമസ് സമ്മാനം അഭിവന്ദ്യ പിതാവിൽ നിന്നും സ്വീകരിക്കുകയും ചെയ്തു.

ബയോവിൻ ഫാക്ടറി ജീവനക്കാരനായിരുന്ന അകാലത്തിൽ മരണപ്പെട്ട ശ്രീ. ശ്രീകുമാറിന്റെ കുടുബത്തിനായി ബയോവിൻ ജീവനക്കാരും ബയോവിൻ അഗ്രോ റിസെർച്ചും ചേർന്ന് സമാഹരിച്ച തുക, അദ്ദേഹത്തിന്റെ കുഞ്ഞുങ്ങളുടെ പേരിൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്യുകയും , ആയതിന്റെ രേഖകൾ അഭിവന്ദ്യ പിതാവ് അവകാശികൾക്ക് കൈമാറുകയും ചെയ്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ഡോ. ബി. ആർ. അംബേദ്കർ പുരസ്കാര നിറവിൽ റേഡിയോ മാറ്റൊലി**

സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച ഡോ. ബി. ആർ. അംബേദ്കർ മാധ്യമപുരസ്കാരം തുടർച്ചയായ നാലാം തവണയും റേഡിയോ മാറ്റൊലിക്ക്. ശ്രവ്യമാധ്യമ വിഭാഗത്തിലാണ് റേഡിയോ മാറ്റൊലി പുരസ്കാരം സ്വന്തമാക്കിയത്. പട്ടികജാതി-പട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾക്ക് നൽകുന്നതാണ് പുരസ്കാരം. ആദിവാസി ഭാഷയിൽ തന്നെ അവതരിപ്പിക്കുന്ന തുടിച്ചെത്തം പരിപാടിയിലൂടെ പ്രക്ഷേപണം ചെയ്ത ഊരുവെട്ടം എന്ന പരിപാടിക്കാണ് പുരസ്കാരം ലഭിച്ചത്. പ്രോഗ്രാം പ്രൊഡ്യൂസർ പൂർണിമ കെ. ആണ് പുരസ്കാരാർഹമായ റിപ്പോർട്ട് തയ്യാറാക്കിയത്. 15,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡ് ജനുവരി 10ന് തിരുവനന്തപുരത്ത് വച്ച് നടക്കുന്ന ചടങ്ങിൽ മന്ത്രി കെ. രാധാകൃഷ്ണൻ നിന്നും പൂർണ്ണിമ അവാർഡ് ഏറ്റു വാങ്ങി.

**പാലിയേറ്റീവ് കെയർ ദിനാചരണം**

സ്വാന്തന പരിചരണ ദിനാചരണത്തിന്റെ ഭാഗമായി ജനുവരി 16 ന് വയനാട് മെഡിക്കൽ കോളേജ് സെക്കണ്ടറി പാലിയേറ്റീവുമായി സഹകരിച്ച് ന്യൂമാൻസ് കോളേജിൽ വെച്ച് നടത്തിയ രോഗീ സംഗമത്തിലും മാനന്തവാടി പ്രസ് ക്ലബ് നൽകുന്ന ആംബുലൻസ് വിതരണത്തിലും വിവിധ അവാർഡ് ജേതാക്കളെ ആദരിക്കൽ ചടങ്ങിലും സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. വെള്ളമുണ്ട പഞ്ചായത്ത്, കുടുബാരോഗ്യക്രേന്ദം, നഹ്ള ഫണ്ടേഷൻ, പാലിയേറ്റീവ് കെയർ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ വെള്ളമുണ്ടയിൽ വെച്ച് നടത്തിയ പാലിയേറ്റീവ് ദിനാചരണത്തിൽ ജോസഫ് പള്ളത്ത് പങ്കെടുത്തു.

**പങ്കാളിത്തം**

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി, കണ്ണൂർ മേഖല പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ്, സ്കൂൾജലശ്രീ

ക്ലബ് വയനാട് എന്നിവർ ചേർന്ന് നടത്തിയ ഷോർട്ട് ഫിലിം സമ്മാന ദാന ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. ജനുവരി 15 ന് ന്യൂമാൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടത്തിയ സമ്മാനദാനം റവന്യൂ മന്ത്രി കെ. രാജൻ നിർവ്വഹിച്ചു.

**വർക് ഷോപ്പ്**

അമ്പലവയൽ കാർഷിക സർവ്വകലാശാലയിൽ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കായി കമ്മ്യൂണിറ്റി റേഡിയോയുടെ പ്രവർത്തനത്തേക്കുറിച്ചും റേഡിയോ പ്രോഗ്രാം പ്രൊഡക്ഷനേക്കുറിച്ചും ഡിസംബർ 28 ന് വർക് ഷോപ്പ് നടത്തി. റേഡിയോ മാറ്റൊലി മുൻ അസി. ഡയറക്ടർ റവ. ഫാ. ജെയ്സ് ബേബി ചെട്യാശ്ശേരി ക്ലാസ്സിന് നേതൃത്വം നൽകി.

**സമൃദ്ധി പ്രൊജക്ട് റിവ്യൂ**

നബാർഡിന്റെ വനിതാസ്വയം സഹായസംഘ വികസന ഫണ്ട് ഉപയോഗിച്ച് റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന സാമ്പത്തിക സാക്ഷരതാ പരിപാടിയായ സമൃദ്ധി പ്രോഗ്രാമിന്റെ അവലോകനം ഡിസംബർ 29 ന് കല്പറ്റയിൽ വെച്ച് നടത്തി. ലീഡ് ബാങ്കിന്റെ സാങ്കേതിക സഹായത്തോടെയാണ് പരിപാടി പ്രക്ഷേപണം ചെയ്യുന്നത്. നബാർഡ് ജനറൽ മാനേജർ ജിഷ വടക്കുംപറമ്പിൽ, ലീഡ്ബാങ്ക് മാനേജർ ബിപിൻ മോഹൻ എന്നിവർ അവ ലോകന യോഗത്തിൽ പങ്കെടുത്തു.

**ഗ്രാമ മാറ്റൊലി**

കൊമ്മയാട് ടാഗോർ സ്മാരക ഗ്രന്ഥാലയത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 02 ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. കൊമ്മയാട് ഗ്രാമപദേശത്തെ വിവിധ ആളുകളുടെ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിവാൾഡിൻ, കെ. കെ ചന്ദ്രശേഖരൻ, റെനീഷ്ജോർജ്, പ്രോഗ്രാം പ്രൊഡ്യൂസേഴ്സ്, വോളണ്ടിയേഴ്സ് എന്നിവർ നേതൃത്വം നൽകി.

**ശ്രോതാക്കൾക്ക് വിവിധ മത്സരങ്ങളുമായി റേഡിയോ മാറ്റൊലി**

2023 വർഷാവസാനം, പുതുവർഷം എന്നിവയോടനുബന്ധിച്ച് റേഡിയോ മാറ്റൊലി  വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.  കൽപ്പറ്റ ഫ്രാൻസിസ് ആലൂക്കാസ് ജ്വല്ലറിയുമായി സഹകരിച്ചായിരുന്നു

മത്സരങ്ങൾ നടത്തിയത്. 2023 ൽ എടുത്ത ഏറ്റവും ഹൃദയസ്പർശിയായ ഫോട്ടോസ് ഉൾപ്പെടുത്തിയുള്ള ഫ്ളാഷ് ബാക്ക് 2023, 2023 ലെ സുപ്രധാന സംഭവങ്ങൾ ആസ്പദമാക്കിയുള്ള ക്വിസ് മത്സരം ടൈം ലൈൻ 2കെ23, സസ്നേഹം മാറ്റൊലിക്ക് – 2023 ൽ ശ്രോതാക്കൾക്കുണ്ടായ റേഡിയോ മാറ്റൊലി അനുഭവങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി റേഡിയോ മാറ്റൊലിക്ക് അയച്ച കത്തുകൾ എന്നീ മത്സരങ്ങളാണ് സംഘടിപ്പിച്ചത്. മൂന്ന് മത്സരങ്ങളിലുമായി വിജയികളായ 50 പേർക്ക് ഫ്രാൻസിസ് ആലുക്കാസ് സ്പോൺസർ ചെയ്ത 1000 രൂപയുടെ ഗിഫ്റ്റ് വൗച്ചർ നൽകി. കൂടാതെ ഫ്ളാഷ് ബാക്ക് 2023 ഫോട്ടോഗ്രഫി മത്സരത്തിലെ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസും നൽകി.

**ക്ഷീരദർശൻ**

വയനാട്ടിലെ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ക്ഷീരദർശൻ എന്ന പേരിൽ പുതിയ പ്രക്ഷേപണ പരമ്പര ജനുവരി 03 ന് ആരംഭിച്ചു. വിദഗ്ദരുടെ നിരീക്ഷണങ്ങളും കർഷകരുടെ അനുഭവങ്ങളും ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്യുന്ന പരിപാടിയാണിത്.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഡിസംബർ 19 ന് വ്യവസായ വകുപ്പിന്റെ സേവനങ്ങളേക്കുറിച്ച് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. വ്യവസായ വകുപ്പ് ജില്ലാ മാനേജർ ലിസിയാമ്മ സാമുവൽ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ജനുവരി 1 ന് പ്രത്യേക പുതുവത്സരദിന സല്ലാപം ഗായകൻ സുനീഷ് മാധവൻ ചൂരൽമല പങ്കെടുത്തു. ജനുവരി 8 ന് ബാങ്കുകളിലൂടെ നടപ്പിലാക്കുന്ന സുരക്ഷാ പദ്ധതികൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ നബാർഡ് ജില്ലാ മാനേജർ ജിഷ വടക്കുംപറമ്പിൽ, ലീഡ് ബാങ്ക് മനേജർ ബിപിൻ മോഹൻ എന്നിവർ പങ്കെടുത്തു.

**പഠന സന്ദർശനം**

പഠനത്തിന്റെ ഭാഗമായി സാമൂഹ്യപ്രവർത്തകയായ ഡൽഹി സ്വദേശിനി തൃപ്തി ബന്ദ്ര ജനുവരി 17 ന് മാറ്റൊലി സന്ദർശിച്ചു. സ്പൈസസ് ബോർഡ് പൊജക്ടിന്റെ ഭാഗമായി തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങളേക്കുറിച്ച് അഭിമുഖം റെക്കോർഡ് ചെയ്തു.

കർണാടക സെൻട്രൽ യൂണിവേഴ്സിറ്റി മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വിദ്യാർത്ഥികളായ അൻസില ബാനു, അരുണിമ എന്നിവർ കമ്മ്യൂണിറ്റി റേഡിയോയെക്കുറിച്ചുള്ള പഠനത്തിനായി മാറ്റൊലിയിൽ വന്നു. ബാലുശ്ശേരി പൂവമ്പായി എ.എം.എച്ച്.എസ്. എസ് ലെ പ്ലസ് ടൂ. ഹ്യൂമാനിറ്റീസ് വിദ്യാർത്ഥി കൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**സന്മനസുള്ളവർക്ക് സമാധാനം**

ക്രിസ്മസിനോടനുബന്ധിച്ച് 25 ദിവസം സന്മനസുള്ളവർക്ക് സമാധാനം എന്ന പേരിൽ സന്ദേശം പ്രക്ഷേപണം ചെയ്തു.

**ക്രിസ്തുമസ് ആഘോഷം**

ഡിസം. 22 ന് റേഡിയോ മാറ്റൊലി ടീം ക്രിസത്മസ് ആഘോഷം നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# Mary Matha Arts & Science College

**December 2023-January 2024**

- Mary Matha Arts and Science College Mananthavady is set for the Forth cycle of Accreditation. Institutional Information for Quality Assessment (IIQA) was accepted by NAAC. Governing body meeting was held on 16th December 2023 to evaluate the college level preparation for the process of accreditation. Msgr. Paul Mundolickal, (Manager) chaired the Governing body meeting. Rev. Dr. Jose Porunnedom, Patron of our College graced the occasion. Fr. Sibichan Chelackapallil (Associate Manager) welcomed the gathering. Dr Shaju P P (IQAC Co-ordinator) briefed the current status of the self study report. Governing body members evaluated the accreditation preparation and reviewed the entire preparation and suggested few changes. Dr. Maria Martin Joseph, Principal/ Secretary of governing body proposed the vote of thanks.
- Academic and Administrative Audit was conducted on 19th December 2023. Resource persons were Dr Anil Kumar K, Principal, Alphonsa College, Sulthan Bathery and Dr Rejeesh C John, Associate Professor, Nirmalagiri College, Kuthuparamba.
- Christmas celebration was conducted in association with College Union on 22nd December 2022. Various programmes were conducted, including department wise carol singing competition, YULETIDE RHYTHMS by dance club and crib making competition. Christmas message was aired by principal Dr Maria Martin Joseph. Christmas cake was distributed to the college community.
- NSS: Seven day NSS Camp of our college named 'Avani' was held at St Thomas HSS, Nadavayal, from 23rd to 29th

December 2023. Dr Maria Martin Joseph(Principal) inaugurated the seven day camp on 23rd December. Dr Sanu V F and Dr Sijo A K were the programme officers.

- Bhoomitrasena Club: International Mountain day was celebrated in association with Directorate of Environment and Climate change. Trekking was organised at Brahmagiri hill on 16th December 2023.
- I Semester UG and PG Examination began on 9th Jan 2024.
- Finishing School Program: Today a Student Tomorrow a Government Officer, Know Your Opportunities in Government Sectors was organised on 5th Jan 2024 and the Resource Person for the session was Mr Arun Jackon.
- Global Career Options for Indian Students was organised on 11th Jan 2024 and the resource person was Mr. Sony Akkara.
- IQAC: Self Study Report (SSR) was evaluated by an external expert Dr Sabu Sebastian (IQAC Co-ordinator) Nirmalagiri college, Kuthuparamba on 12th January 2024.

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള വിദ്യാലയങ്ങളിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ എൽ.പി വിഭാഗത്തിൽ ബത്തേരി അസംപ്ഷൻ യു.പി സ്കൂൾ ഒന്നാംസ്ഥാനവും എ.യു.പി സ്കൂൾ ദ്വാരക, ദേവമാതാ എൽ. പി സ്കൂൾ ആടിക്കൊല്ലി എന്നീ വിദ്യാലയങ്ങൾ രണ്ടാം സ്ഥാനവും സെന്റ് ജോസഫ്സ് യു.പി കല്ലോടി, സെന്റ് തോമസ് എൽ.പി. അരിഞ്ചേർമല എന്നീ വിദ്യാലയങ്ങൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. യു. പി വിഭാഗത്തിൽ നടവയൽ സെന്റ് തോമസ്, പാടിച്ചിറ സെന്റർ സെബാസ്റ്റ്യൻസ്, ബത്തേരി അസംപ്ഷൻ യു.പി എന്നീ വിദ്യാലയങ്ങൾ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി. ഹൈസ്കൂൾ വിഭാഗത്തിൽ ഫാ. ജി. കെ. എം കണിയാരം, CKHS മണിമൂളി, ബത്തേരി അസംപ്ഷൻ എന്നീ വിദ്യാലയങ്ങൾ ആദ്യ മൂന്ന് സ്ഥാനങ്ങളിലും ഹയർസെക്കണ്ടറി വിഭാഗത്തിൽ നടവയൽ സെന്റ് തോമസ്, IJMHSS കൊട്ടിയൂർ, CKHSS മണിമൂളി എന്നീ വിദ്യാലയങ്ങൾ ആദ്യ മൂന്ന് സ്ഥാനങ്ങളും കരസ്ഥമാക്കി.

**വിദ്യാലയ വാർത്തകൾ**
**എൽ. പി വിഭാഗം**

### I. ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. പ്രാദേശിക പി.ടി.എ സംഘടിപ്പിച്ച ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ എൽ. പി വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി.

### II. സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല

ഗോത്രഫെസ്റ്റും അരിഞ്ചേർമല പ്രദേശത്തെ പ്രാദേശിക പി.ടി. എ യും ക്രിസ്തുമസ് ആഘോഷവും സമുചിതമായി സംഘടിപ്പിച്ചു. ഏച്ചോം സർവോദയ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ NSS ക്യാമ്പിന് വിദ്യാലയം ആതിഥേയത്വം വഹിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിൽ എൽ. പി വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**III. എ. എൽ. പി സ്കൂൾ കണിയാരം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ലോഗോ പ്രകാശനം നടത്തുകയും പൂർവ അധ്യാപക വിദ്യാർത്ഥി സംഗമം ചെയ്തു.

**IV. സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

പച്ചക്കറി കൃഷി ആരംഭിച്ചു. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. നെൽകൃഷിയുടെ വിളവെടുപ്പ് നടത്തി. ചാവറ വിദ്യാലയം ഓവറോൾ കരസ്ഥമാക്കി.

**V. സെന്റ് സെബാസ്ററ്യൻസ് എൽ. പി സ്കൂൾ പോരൂർ**

വിവിധ പരിപാടികളോടെ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി.

**VI. സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

ക്രിസ്തുമസ് ആഘോഷം വിപുലമായി നടത്തി. ദേശീയ പ്രവാസിദിനം ആചരിച്ചു. ഭക്ഷണരീതിയും വ്യായാമവും ആരോഗ്യത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുമെന്നുള്ള വിഷയത്തെക്കുറിച്ചുള്ള ബോധവത്കരണക്ലാസ്സ് നടത്തി.

**VII. സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം ആരംഭിച്ചു.

**VIII. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

പ്രീ പ്രൈമറി വിഭാഗം വിദ്യർത്ഥികൾ സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നത വിജയം നേടി. വിദ്യാർത്ഥികൾക്കായി ആരോഗ്യ പരിശോധന നടത്തി.

**IX. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

ഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു. മനുഷ്യാവകാശദിന പ്രതിജ്ഞ എടുത്തു. ക്രിസ്തുമസ്ആഘോഷം വ്യത്യസ്തങ്ങളായ പരിപാടികളോടെ നടത്തപ്പെട്ടു.

**X. പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

ക്രിസ്തുമസ് ആഘോഷം വിപുലമായി നടത്തി. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. പി.ടി.എ യോഗം ചേർന്നു.

**XI. സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

ക്രിസ്തുമസ് ആഘോഷങ്ങൾ വിപുലമായി നടത്തി.

ഇൻക്ലൂസീവ് കായികോത്സവത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥിയെ ആദരിച്ചു.

**XII. സി. കെ. എൽ. പി സ്കൂൾ മണിമൂളി**

വിദ്യാലയത്തിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. കുരുന്നുകളുടെ കലാപ്രകടനങ്ങൾ നടന്നു.

**XIII. നിർമല എൽ. പി സ്കൂൾ ആലാറ്റിൽ**

പോഷകസമൃദ്ധമായ ആഹാരശീലം എന്നവിഷയത്തിൽ ബോധവത്കരണ ക്ലാസ് നടത്തി. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. കോർണർ പി.ടി.എ യോഗങ്ങൾ ചേർന്നു.

**XIV. സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

വിദ്യാർത്ഥി പ്രതിഭകളെ ആദരിച്ചു. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. വിദ്യാലയത്തിൽ പൂന്തോട്ടം നിർമിക്കുകയും വൃക്ഷത്തൈകൾ നേടുകയും ചെയ്തു.

**യു. പി വിഭാഗം**

**I. സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

രക്ഷിതാക്കൾക്ക് ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ക്ലാസ് നൽകി. വിദ്യാർത്ഥികൾക്കായി ഫീൽഡ് ട്രിപ്പ് നടത്തി. ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു.

**II. സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. പി.ടി.എ യോഗം ചേർന്നു.

**III. അസംപ്ഷൻ എ. യു സ്കൂൾ ബത്തേരി**

അന്താരാഷ്ട്ര അറബിദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തി. ക്രിസ്തുമസ് വിപുലമായി ആഘോഷിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ യു. പി വിഭാഗത്തിൽ മൂന്നാം സ്ഥാനവും എൽ.പി വിഭാഗത്തിൽ ഒന്നാം സ്ഥാനവും നേടി. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കി.

**IV. സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

സ്കൂൾതലത്തിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ നേട്ടങ്ങൾ കൈവരിച്ചു. CPTA യോഗങ്ങൾ ചേർന്നു

### V. അമ്പായത്തോട് യു. പി സ്കൂൾ

വിവിധ പരിപാടികളോടെ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു.

### VI. സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

ക്രിസ്തുമസ് ആഘോഷം മികവാർന്ന രീതിയിൽ വിദ്യാലയത്തിലും വിവിധ കോളനികളിലുമായി നടത്തി. നല്ലപാഠത്തിന്റെ നേതൃത്വത്തിൽ ചികിത്സ സഹായം നൽകി. രോഗികൾക്കായി എയർ ബെഡ് സ്ട്രക്ച്ചർ എന്നിവ നൽകി.

### VII. സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി

എടവക പഞ്ചായത്ത് നടത്തിയ ഗോത്രവിഭാഗം കുട്ടികളുടെ പഠനപോഷണ പദ്ധതിയിൽ 50 കുട്ടികൾ സംബന്ധിച്ചു. പി.ടി.എ ജനറൽബോഡിയും ക്ലാസ് പി.ടി.എ യോഗങ്ങളും ചേർന്നു.അറബി, ഹിന്ദി ഭാഷാദിനങ്ങൾ ആചരിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾ ഗാനമത്സരത്തിൽ എൽ. പി വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.അധ്യാപകർ ഭവനസന്ദർശനം നടത്തി. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ നേട്ടങ്ങൾ കൈവരിച്ചു.

### VIII. സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്

വിപുലമായ രീതിയിൽ ക്രിസ്തുമസ് ആഘോഷം നടത്തി. എൽ.എസ്.എസ്, യു.എസ്.എസ് പരിക്ഷാപരിശീലനം ആരംഭിച്ചു. സ്കൂൾ മാനേജരുടെ ജൂബിലിയാഘോഷം സംഘടിപ്പിച്ചു. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം നേടി. ദേശജ്യോതി ക്വിസ് സോണൽതല മത്സരത്തിൽ എൽ. പി വിഭാഗത്തിൽ രണ്ടാം സ്ഥാനവും യു. പി വിഭാഗത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. രക്ഷിതാക്കൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി.

### IX. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ

വിപുലമായ പരിപാടികളോടെ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ദേശജ്യോതി സോണൽതല ക്വിസ്സ് മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

### X. എ. യു. പി സ്കൂൾ ദ്വാരക

നല്ലപാഠം യൂണിറ്റ് സമാഹരിച്ച ചികിത്സാസഹായം കൈമാറി, നല്ലപാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ സഹപാഠികൾക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ നൽകി. രക്ഷിതാക്കൾക്കായി ബോധവൽ

ക്കരണക്ലാസ്സ് നടത്തി. ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ എൽ. പി വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി.

**XI. ടി. ടി. ഐ മാനന്തവാടി**

വിദ്യാർത്ഥി പ്രതിഭകളെ ആദരിക്കാനായി വിജയോത്സവം സംഘടിപ്പിച്ചു. പഠനയാത്രകൾ നടത്തി. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. SOIL DAY പവർ പോയിന്റ് പ്രസന്റേഷനിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടി.

**XII. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

അന്താരാഷ്ട്ര അറബിക് ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ക്രിസ്തുമസ് ആഘോഷം വർണാഭമായ പരിപാടികളോടെ നടത്തപ്പെട്ടു. പുതുവത്സരദിനത്തിൽ കിഡ്സ് പാർക്ക് ഉദ്ഘാടനം ചെയ്തു.

**XIII. സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

വിദ്യാലയത്തിലെ ക്രിസ്തുമസ് ആഘോഷം വിപുലമായി ആഘോഷിച്ചു. ജൈവപച്ചക്കറി തോട്ടത്തിലെ വിളവെടുപ്പ് നടത്തി.

**XIV. സെന്റ് മേരീസ് യു. പി സ്കൂൾ കബനിഗിരി**

ക്രിസ്തുമസ് സമുചിതമായി ആഘോഷിച്ചു. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ നാലാം റാങ്ക് കരസ്ഥമാക്കി. പഠനയാത്ര നടത്തി.

**ഹൈസ്കൂൾ വിഭാഗം**

**I. ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

സംസ്ഥാന ഗണിത ശാസ്ത്രമേളയിൽ വർക്കിങ് മോഡൽ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സംസ്കൃതത്തിൽ ജില്ലാതലത്തിൽ റണ്ണേഴ്സ് അപ്പ് കിരീടം നേടി. ലോക മണ്ണ് ദിനവുമായി ബന്ധപ്പെട്ട മത്സരത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി. SPC ആദ്യ ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡ് നടന്നു. ക്രിസ്തുമസ് അവധിക്കാലത്ത് SPC NCC ക്യാമ്പുകൾ നടന്നു.

**II. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

സംസ്ഥാന കലോത്സവത്തിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കി ജില്ലാതല സംസ്കൃത സ്കോളർഷിപ്പിൽ മികച്ച നേട്ടം കൈവരിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾ ഗാനമത്സരത്തിൽ യു. പി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി.

**III. സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും സമുചിതമായി സംഘടിപ്പിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് റസിഡൻഷ്യൽ ക്യാമ്പിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ഗൈഡ്സ് വിദ്യാർത്ഥികളുടെ സഹവാസ ക്യാമ്പ് നടത്തി. SSLC വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നടത്തി.

**IV. നിർമ്മല ഹൈസ്കൂൾ കബനിഗിരി**

വിദ്യാർത്ഥികൾക്കായി പഠന വിനോദയാത്ര സംഘടിപ്പിച്ചു. സംസ്ഥാന ശാസ്ത്രോത്സവത്തിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു. സ്കൗട്ട് ഗൈഡ് യൂണിറ്റ് ക്യാമ്പ് നടത്തി. ക്രിസ്തുമസ് ആഘോഷം നടത്തി.

**V. അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സ്കൗട്ട് ആൻഡ് ഗൈഡ് സഹവാസക്യാമ്പ് സംഘടിപ്പിച്ചു. ക്ലാസ് നൽകി. NSS സപ്തദിന സഹവാസക്യാമ്പ് നടത്തി.

**VI. സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ക്രിസ്തുമസ് ആഘോഷം നടത്തി. രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ് നടത്തി. പാചകപ്പുരയുടെ വെഞ്ചിരിപ്പും ഉദ്ഘാടനവും നടത്തി.

**VII. സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

ക്രിസ്തുമസ് ആഘോഷപരിപാടികൾ വിപുലമായി നടത്തപ്പെട്ടു.സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ എട്ടിനങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കി. ഭാഷ സാഹിത്യ രചനയിൽ മികച്ച പ്രതിഭ പുരസ്കാരം വിദ്യാലയത്തെ തേടിയെത്തി. ദേശജ്യോതി ക്വിസ് സോണൽതല മത്സരത്തിൽ രണ്ടാം സ്ഥാനം നേടി.

**ഹയർസെക്കണ്ടറി വിഭാഗം**

**1. സി. കെ. എച്ച്. എസ്. എസ് മണിമൂളി**

ശുചിത്വമിഷന്റെ ഭാഗമായി NSS യൂണിറ്റിന്റെ നേതൃത്വത്തിൽ സ്നേഹാരാമം പദ്ധതി ഉദ്ഘാടനം ചെയ്തു. സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ വഴിയാത്രക്കാർക്ക് റോഡ് സുരക്ഷാനിർദേശങ്ങൾ നൽകി. വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് നടത്തി.

## II. സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി

വിദ്യാലയത്തിലെ സ്കൗട്ട് ഗൈഡ് അംഗങ്ങൾ പ്രകൃതി പഠന യാത്ര സംഘടിപ്പിച്ചു.NSS വിദ്യാർത്ഥികളുടെ സപ്തദിന സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു.

## III. സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ

ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ HSS വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. NSS സപ്തദിന ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാന കലാമേളയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു. ഹിന്ദി രാഷ്ട്ര ഭാഷ അവബോധന സെമിനാർ നടത്തി.

## IV. ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം

അന്താരാഷ്ട്ര മണ്ണ് ദിനവുമായി ബന്ധപ്പെട്ട ജില്ലാതല ക്വിസ് മത്സരത്തിൽ വിദ്യാർത്ഥികൾ വിജയം കരസ്ഥമാക്കി. ക്രിസ്തുമസ് ആഘോഷം നടത്തി, വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. NSS സപ്തദിന സഹവാസക്യാമ്പ് നടത്തി. സംസ്ഥാന സ്കൂൾ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു.

## V. ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ

ക്രിസ്തുമസ് ആഘോഷം വിപുലമായി സംഘടിപ്പിച്ചു. വിവിധ സ്ഥലങ്ങളെ പ്രതിനിധീകരിച്ചു പ്രാദേശിക പി. ടി. എ നടത്തി. ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ പങ്കെടുത്തു. സംസ്ഥാന സ്കൂൾ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു.

## VI സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി

NSS വിദ്യാർത്ഥികളുടെ സപ്തദിന സഹവാസ ക്യാമ്പ് നടത്തപ്പെട്ടു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തി.

ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാലയങ്ങൾക്കും മത്സരത്തിൽ പങ്കെടുത്ത വിദ്യാലയങ്ങൾക്കും അഭിനന്ദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**February 2024**

1 Thu - 7 Wed:....Bangalore CBCI

8 Thursday:......... Kozhikode: Episcopal Jubilee of Bishop Varghese Chakkalakal

9 Friday:............. Out of Station

10 Sat - 11 Sun:...Belthangady: Silver Jubilee of the diocese

12 Monday:.........Governing Body: Mary Matha Arts & College

13 Tue - 15 Thu...Ongoing formation: Young priests

21 Wed -22 Thu:.Mananthavady: North Malabar Bishops' Meet

24 Saturday:........Consultors and Finance Council Meeting

25 Sunday:.......... Koolivayal: Blessing of Presbytery

# *Auxiliary Bishop's Programme*



**February 2024**

01 Thur-07 Wed.....Bangalore: CBCI Meeting

08 Thursday:........... Padamala: Feast

10 Saturday:............ Kartikulam: First Communion

11 Sunday:...............Thelpara: Feast

13 Tue-15 Thu:........Ongoing Formation Course of Priests

17 Saturday:............Afternoon: Pallikkunnu: Feast

21 Wed- 22 Thu.......Malabar Bishop's Meet

24 Saturday..............Consultor's & Finance Council Meeting

27 Tuesday...............Engaged

29 Thursday.............Engaged